മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 06 No. 05 THE ONLINE OFFICIAL NEWS BULLETIN 2023 February 04

ദനഹകാലം | SEASON OF EPIPHANY | ܥܕܢܐ ܕܕܢܚܐ

ശ്ബോത്ത് — 2023 ഫെബ്രുവരി

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
5 Hadbšabo d Kohné Sunday of the all Departed Priest ♪7	6 ♪3	7 ♪7	8 Comme. of Mar Abo (Mathamariyam Church, Thevalakkara) ♪3 	9 14th Memorial of Mathews Mar Epiphanios Metropolitan ✠ (St. Thomas Cathedral, Kollam) ♪7 	10 ♪3	11 ♪7



കേന്ദ്ര മന്ത്രി ജോൺ ബിർള പരിശുദ്ധ കാതോലിക്ക ബാവായെ പരുമല സെമിനാരിയിൽ വെച്ച് സന്ദർശിച്ചു ഡോ. യൂഹാനാൻ മാർ ക്രിസോസ്റ്റമോസ്, അല്മായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, പരുമല ഹോസ്പിറ്റൽ സി.ഇ.ഒ. ഫാ. എം. സി. പൗലോസ്, പരുമല മാനേജർ കെ. വി. പോൾ റമ്പാൻ വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ റെജി മാത്യുസ്, ജേക്കബ് മാത്യു എന്നിവർ ഒപ്പം ഉണ്ടായിരുന്നു.



Dr. Youhanon Mar Demetrios, Dr. Yuhanon Mar Diascoros and Abraham Mar Stephanos attending as the delegates of Indian Orthodox Church in the Catholic Church–Oriental Orthodox Churches International Joint Commission for Theological Dialogue at Logos Center, Saint Bishoy Monastery, Cairo Egypt, from January 30 - February 5, 2023.



കോലഞ്ചേരി എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ പുതിയതായി പണിത ജൂബിലി ബ്ലോക്ക് 2023 ഫെബ്രുവരി 2-ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നാടിനു സമർപ്പിച്ചു.

ചെറുകുന്നം പള്ളിയുടെ താക്കോൽ ഒറ്റപ്പാലം ആർ.ഡി.ഒ. കൈമാറണം: ഹൈക്കോടതി

കൊച്ചി/പാലക്കാട്: തൃശ്ശൂർ ഭദ്രാസനത്തിലെ ചെറുകുന്നം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ താക്കോൽക്കൂട്ടം യഥാർത്ഥ അവകാശികൾക്ക് കൈമാറണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. കിഴക്കഞ്ചേരി വില്ലേജ് ഓഫീസർ റിസീവറും ഒറ്റപ്പാലം ആർ.ഡി.ഒ. യുടെ നിയന്ത്രണത്തിലുമായിരുന്നു. 2017-ലെ സുപ്രീംകോടതി വിധി പ്രകാരം എല്ലാ കോടതികളും അധികാരികളും പ്രവർത്തിക്കേണ്ട സാഹചര്യത്തിൽ ഹർജിക്കാരായ ഓർത്തഡോക്സ് സഭയുടെ ആവശ്യങ്ങൾ പ്രസക്തമാണെന്നും പോലീസും ജില്ലാ ഭരണകൂടവും പരമോന്നത കോടതിയുടെ നിർദ്ദേശങ്ങൾ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കണമെന്നും ഉത്തരവിൽ പറയുന്നു. 1934 ഭരണഘടനപ്രകാരമുള്ള അധികാരികളാൽ നിയമിതനായിരിക്കുന്ന വികാരി ഫാ. പോളി വർഗ്ഗീസിന് താക്കോൽ കൈവശം വെച്ചിരിക്കുന്ന ഒറ്റപ്പാലം ആർ.ഡി.ഒ. കൈമാറണം.

1934 ഭരണഘടനപ്രകാരം നിയമപരമായി നിയമിതനായ വികാരിക്ക് പള്ളിക്കുള്ളിൽ പ്രവേശിക്കാനും കർമ്മങ്ങൾ നടത്താനും യാക്കോബായ വിഭാഗം തടസ്സം സൃഷ്ടിക്കരുത്. ഉത്തരവിന്റെ പകർപ്പ് ലഭിച്ച ഒരു മാസത്തിനകം വിധി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം. ഹൈക്കോടതി സിംഗിൾ ബെഞ്ചു ആണ് കേസ് പരിഗണിച്ചത്. ജസ്റ്റിസ് അനു ശിവരാമന്റേതാണ് ഉത്തരവ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം

വിശുദ്ധ രഹസ്യങ്ങൾ

മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ



ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

അദ്ധ്യായം അഞ്ച്

ശെമ്മാശ്ശൻ പറയുന്നു. നൽകപ്പെട്ട ഈ രഹസ്യങ്ങൾ കൈക്കൊണ്ടതിനു ശേഷം. അതായത്, പാപമോചനം നൽകുന്നതും ജീവിപ്പിക്കുന്നതുമായ അവർണ്ണനീയ ദാനമായ രഹസ്യങ്ങൾ അവർക്ക് നൽകിയതിന് ദൈവത്തിന് നന്ദി പറയുവാൻ അയാൾ ജനത്തോട് ആവശ്യപ്പെടുന്നു.


അതുകൊണ്ട് ജനം കർത്താവായ ഞങ്ങളുടെ ദൈവമേ നിനക്ക് ഞങ്ങൾ നന്ദി കരേറ്റുന്നു. ഞങ്ങൾ ദരിദ്രരും അയോഗ്യരുമായിരിക്കെ നിരന്തരം നീ ഞങ്ങൾക്ക് നൽകുന്ന നിന്റെ ദാനങ്ങൾക്കും നിന്റെ മഹനീയ കൃപകൾക്കും ഞങ്ങൾ സ്തോത്രം കരേറ്റുന്നു.

ഞങ്ങളുടെ ദൈവമേ നിന്നെ ഞങ്ങൾ ഏറ്റുപറയുകയും നിനക്ക് ഞങ്ങൾ ധാരാളമായി കൃതജ്ഞത കരേറ്റുന്നു എന്ന് പറഞ്ഞ് പട്ടക്കാരൻ പ്രാർത്ഥിക്കുന്നു. നമ്മൾക്ക് തന്ന ജീവിപ്പിക്കുന്ന രഹസ്യങ്ങൾക്ക് ദൈവത്തിന് നന്ദി അർപ്പിക്കുന്ന പ്രാർത്ഥനയാണ് ഇത്. അതുപോലെ ശിക്ഷാവിധിയേൽക്കാതെ പാപപരിഹാരവും ശുദ്ധീകരണവും ഞങ്ങൾക്കുണ്ടാകണമെന്ന് അവനോട് വീണ്ടും യാചിക്കുന്നു. വിശുദ്ധിയിലും വെടിപ്പിലും ഞങ്ങളെ കാത്തുകൊള്ളണമെന്ന് വീണ്ടും അവനോട് യാചിക്കുന്നു. ആദിമുതൽ നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ള പുണ്യവാന്മാരോടൊന്നിച്ച് വരുവാനുള്ള ലോകത്തിൽ ഓഹരിക്കും അവകാശത്തിനും ഞങ്ങളെ യോഗ്യരാക്കണമേ.

കർത്താവിന്റെ മുമ്പാകെ നമ്മുടെ തലകളെ വണക്കണമെന്ന് ശെമ്മാശ്ശൻ ചൊല്ലുന്നു. കർത്താവിന്റെ മുമ്പാകെ തങ്ങളുടെ തലകളെ വണക്കണമെന്ന് അവൻ ആവശ്യപ്പെടുന്നു. കാരണം പട്ടക്കാരൻ ഈ പ്രാർത്ഥനയും അവർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. അദ്ദേഹം ചൊല്ലുന്നു, സ്വർഗ്ഗം ചായിച്ച് ഇറങ്ങിവന്നവനായ വലിയവനും മഹനീയനുമായ ദൈവമേ. പട്ടക്കാരൻ ഈ പ്രാർത്ഥന പുത്രനോടാണ് നടത്തുന്നത്. അവരോട് കരുണ ചെയ്യണമേ അവരുടെ മേൽ അവന്റെ അനുഗ്രഹങ്ങൾ വർഷിക്കേണമേ. അവരെ പാപത്തിൽ നിന്നും വൈഷമ്യങ്ങളിൽ നിന്നും കാത്തുകൊള്ളണമേ.

കുർബ്ബാനയിലെ എല്ലാ പ്രാർത്ഥനകളും പിതാവിനോടാണ് നടത്തുന്നതെന്ന് നാം അറിഞ്ഞിരിക്കുന്നത് യുക്തമാണ്. കാരണം അർപ്പിക്കുന്ന പട്ടക്കാരൻ മശിഹായെ പ്രതിനിധീകരിക്കുന്നു എന്ന് മനസ്സിലാക്കുക. അവൻ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനായിരുന്നു. മശിഹായെത്തന്നെ പ്രതിനിധീകരിച്ചുകൊണ്ട് അവൻ അവന്റെ തന്നെ ശരീരവും രക്തവും എന്ന് അവൻ നാമകരണം ചെയ്യുന്നു. അതുകൊണ്ട് പരിശുദ്ധ റൂഹായുടെ ആവാസത്തിന്റെ പ്രാർത്ഥനയിൽ സകലത്തിന്റേയും ഉടയവനായ പിതാവാം ദൈവമേ ഞങ്ങളോട് കരുണ ചെയ്യണമേ, ഞങ്ങളുടെ മേലും വയ്ക്കപ്പെട്ടിരിക്കുന്ന കുർബ്ബാനയുടെ മേലും നിന്റെ പരിശുദ്ധ റൂഹായെ അയക്കണമേ എന്ന് പിതാവിനോട് പറയുന്നു.

അതുപോലെ കർത്താവിന്റെ ജഢപരമായ രക്ഷാപ്രവർത്തനത്തേയും ഓർക്കുമ്പോൾ അവൻ വചനത്തിലേക്ക് (അഥവാ) മശിഹായുടെ സ്ഥാനത്തേക്ക്



തിരിഞ്ഞുകൊണ്ട് പറയുന്നു, കർത്താവേ നിന്റെ മരണത്തേയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള മൂന്നാം ദിവസത്തെ നിന്റെ ഉയിർത്തെഴുന്നേൽപ്പിനേയും ഞങ്ങൾ ഓർക്കുന്നു ഇത്യാദി. എന്നാൽ ഈ സ്മരണയുടെ അവസാനമാകുമ്പോഴേക്കും മറ്റെല്ലാ പ്രാർത്ഥനകളിലും എന്നപോലെ അവൻ അവന്റെ വാക്ക് മിശിഹായോട് പറഞ്ഞുകൊണ്ട് പിതാവിങ്കലേക്ക് തിരിയുന്നു നിന്നോടും നീ മുഖാന്തിരം നിന്റെ പിതാവിനോടും എന്ന് പറയുന്നു. വീണ്ടും, വിശ്വാസികൾ ഒന്നിച്ച് പിതാവിനോട് ഉത്തരമായി പറയുന്നു. സർവ്വ ശക്തനായ പിതാവാം ദൈവമേ ഞങ്ങളോട് കരുണചെയ്യണമേ. ഇവയിൽനിന്നെല്ലാം മനസ്സിലേക്കാവുന്നത് ഈ പ്രാർത്ഥന ഒഴിച്ച് മറ്റെല്ലാ പ്രാർത്ഥനകളും പിതാവാം ദൈവത്തോടാണ് അർപ്പിക്കുന്നത്. പുത്രനെ സംബോധന ചെയ്യുന്ന എല്ലാ പ്രാർത്ഥനകളുടേയും അവസാനത്തിൽ പട്ടക്കാരൻ പുത്രനെ ഏറ്റുപറയുന്നു. കാരണം അവനിലൂടെയാണ് നമുക്ക് പിതാവിലേക്ക് സാമീപ്യം ഉണ്ടായത്. നമ്മേ അവങ്കലേക്ക് നയിച്ച വഴിയും അവനായിരുന്നു. അവിടുത്തെ സത്യമുള്ളതും സകലത്തിലും പരിപാവനവുമായ വചനങ്ങൾ പോലെ പിതാവിങ്കൽ പ്രവേശനം നൽകിയ വാതിലും അവനായിരുന്നു.

കുർബ്ബാനയിൽ പിതാവിനെ സംബോധന ചെയ്യാത്ത ഏതെങ്കിലും പ്രാർത്ഥന ഉണ്ടെങ്കിൽ അത് എഴുത്തുകാരന്റെ പിഴയാണ് അല്ലെങ്കിൽ ദൈവികമായ തിരുവെഴുത്തുകളിൽ ജ്ഞാനമോ അറിവോ ഇല്ലാത്ത പുരോഹിതന്റെ വീഴ്ചയാണ്. അങ്ങനെയെങ്കിൽ കുർബ്ബാനയിലുള്ള മറ്റുള്ള എല്ലാ പ്രാർത്ഥനകളും പിതാവിനോടായിരിക്കുന്നതുപോലെ അത് ശരിയാക്കുകയും തിരുത്തുകയും ചെയ്ത് പിതാവിനോടുള്ളതാക്കണം. കാരണം വി. കുർബ്ബാന അണയ്ക്കുന്ന പുരോഹിതൻ മശിഹായുടെ സ്ഥാനവും മദ്ധ്യസ്ഥ സ്ഥാനവും അലങ്കരിക്കുകയും ദൈവത്തിനും മനുഷ്യർക്കും ഇടയിൽ നിൽക്കുകയും ചെയ്യുന്നു.

എന്നാൽ മറ്റെല്ലാ പ്രാർത്ഥനകൾക്കും അവസാനമായി വരുന്ന പ്രാർത്ഥന പുത്രനെ സംബോധന ചെയ്യണം കാരണം പിതാവിനോട് നമ്മെ അടുപ്പിച്ചത് അവനാണ്. അതുകൊണ്ട് ഈ പ്രാർത്ഥനയിൽ അവന് നന്ദി കരേറ്റുകയും അവന്റെ കൃപകൾ സ്വീകരിക്കുകയും ചെയ്യണം. കാരണം പിതാവിൽ നിന്ന് ദൂരസ്ഥരും തള്ളപ്പെട്ടിരുന്നവരുമായ നമ്മെ അവനാണ് ഈ വലിയ നന്മയ്ക്ക് കാരണമാക്കിത്തീർത്തത്. അവൻ മുഖാന്തിരമാണ് അവൻ (പിതാവ്) നമ്മെ വിളിക്കുകയും അവങ്കലേക്ക് നമ്മെ അടുപ്പിക്കുകയും ചെയ്തത്. അതുകൊണ്ട് അവനെ എന്നുമെന്നേക്കും സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യണം.

മാർ സേവേറിയോസ് എന്ന മാർ മൂശെ ബർ കീഫാ രചിച്ച വിശുദ്ധ രഹസ്യങ്ങളേക്കുറിച്ചുള്ള വ്യാഖ്യാനം ഇവിടെ അവസാനിക്കുന്നു.

ദീവന്നാസ്യോസ് ബർസ്ലീബി

ജീവചരിത്രം

യാക്കോബ് ബർസ്ലീബി അല്ലെങ്കിൽ അമിദിലെ മാർ ദീവന്നാസ്യോസ് സുറിയാനി സഭയുടെ ചരിത്രത്തിൽ പ്രത്യക്ഷനാകുന്നത് അദ്ദേഹം ഒരു ശെമ്മാശ്ശനായിരിക്കുമ്പോൾ മർദീനിലെ മെത്രാപ്പോലീത്തായായിരുന്ന മാർ യോഹന്നാന്റെ ദൈവശാസ്ത്ര വീക്ഷണങ്ങളോട് വിയോജിച്ചുകൊണ്ട് ലേഖനമെഴുതിക്കൊണ്ടാണ്. മാർ യോഹന്നാൻ പാത്രിയർക്കീസായിരുന്ന അത്താനാസ്യോസ് എട്ടാമന് പരാതി നൽകുകയും ശെമ്മാശ്ശനെ മുടക്കുകയും ചെയ്തു. എന്നാൽ ശെമ്മാശ്ശൻ തന്റെ ലേഖനം സുന്നഹദോസിനെ കാണിക്കുകയും പാത്രിയർക്കീസ് അത് വായിച്ച് മനസ്സിലാക്കി ശെമ്മാശ്ശന്റെ ജ്ഞാനത്തിൽ വിസ്മയിക്കുകയും മാറാഷിലെ മെത്രാപ്പോലീത്തായായി 1154 ൽ ദീവന്നാസ്യോസ് എന്ന പേരിൽ അഭിഷേകം ചെയ്തു. പിന്നീട് മാർ യോഹന്നാനുമായി നിരപ്പാകുകയും ചെയ്തു. 1156-ൽ അർമ്മേനിയക്കാർ മറാഷ് പിടിച്ചടക്കുകയും നഗരം നശിപ്പിക്കുകയും ബർസ്ലീബി ഉൾപ്പടെ നഗരവാസികളെ പിടിച്ചുകൊണ്ട് പോകുകയും ചെയ്തു. ഭാഗ്യവശാൽ അദ്ദേഹം രക്ഷപ്പെട്ട് കാലിസുര ആശ്രമത്തിൽ താമസിക്കുകയും ചെയ്തു.

മോശ ബർകീഫായുടെ വ്യാഖ്യാനവും എഡേസായിലെ മാർ യാക്കോബ് തോമസ് കശ്ശീശായിക്ക് അയച്ച കത്ത് ഉൾപ്പടെ പല കൃതികൾ ആശ്രയിച്ചു കൊണ്ട് താരതമ്യേന വിപുലമായ ഒരു വ്യാഖ്യാനമാണ് വിശുദ്ധ കുർബ്ബാനയ്ക്ക് അദ്ദേഹം നൽകിയിട്ടുള്ളത്. (അവലംബം, മോറാൻ ഈത്തോ വാല്യം 10, ഡയനീഷ്യസ് ബർസ്ലീബി: കമന്ററി ഓൺ ദി യൂക്കറിസ്റ്റ്. വിവർത്തകൻ ഫാ. ബേബി വർഗീസ്). ഈ വ്യാഖ്യാനത്തിന്റെ മൂലകൃതി എടുത്തിട്ടുള്ളത് കോർപ്പസ് സ്ക്രിപ്റ്റോറം ക്രിസ്റ്റ്യാനോറം ഓറിയന്റാലിയം വാല്യം 13-14 ൽ നിന്നാണ്)

ദീവന്നാസ്യോസ് ബർസ്ലീബിയുടെ കുർബ്ബാനാ വ്യാഖ്യാനം

കുർബ്ബാനയുടെ ഒരു വ്യാഖ്യാനം എഴുതുവാൻ ദൈവത്തിൽ ശരണപ്പെടുന്നു. ഇത് ക്രമീകൃതമായി വിവരിക്കുന്നത് ആമീദിലെ മെത്രാപ്പോലീത്തായായ നമ്മുടെ പിതാവ് മാർ ദീവന്നാസ്യോസ് ആണ്.

അദ്ധ്യായം ഒന്ന്

അല്ലയോ വിശുദ്ധ പട്ടണത്തിലെ മെത്രാപ്പോലീത്തായും ഞങ്ങളുടെ സഹോദരനും ദൈവഭയമുള്ളവനുമായ മാർ ഇഗ്നാത്തിയോസേ, കുർബ്ബാനയെക്കുറിച്ച് പൂർവ്വികർ ചെയ്ത ഒരു വ്യാഖ്യാനമെഴുതി അയക്കണമെന്ന് അങ്ങ് നമുക്കെഴുതിയല്ലോ. അതായത് ഒരു മറുപടിയും വിശദീകരണവുമായി റോമാക്കാർക്ക് അഥവാ പറങ്കികൾക്ക് ഇപ്രകാരം ഒരു മറുപടി എഴുതുകയാണ്. പൂർവ്വികരുടെ അദ്ധ്വാനവും (വ്യാഖ്യാനം) അവർ മനസ്സിലാക്കിയതിനെ ചുരുക്കിയെഴുതിയതും കൊണ്ട് നമ്മുടെ സ്നേഹിതൻ തൃപ്തിപ്പെടുമെന്ന് ഞാൻ കരുതുന്നില്ല. എന്നാലോ ബുദ്ധികൊണ്ടോ വിവേചനം കൊണ്ടോ സംഗ്രഹിക്കുവാൻ കഴിയാത്ത മനുഷ്യാവതാര രഹസ്യത്തെയും കൗദാശിക സ്വഭാവത്തേയും കുറിച്ച് ഞാൻ പഠിച്ചതും മനസ്സിലാക്കിയതും ക്രോഡീകരിച്ചതുമായ ചില ദൈവശാസ്ത്രപരമായ കൃതികളിൽ നിന്നും കൂടെ എന്റെ വിശ്വസ്ത സ്നേഹിതന് അയക്കുന്നു. ഇതുമൂലം എന്നോട് അങ്ങ് ആവശ്യപ്പെട്ട



പ്രകാരം അങ്ങ് കുർബ്ബാനാ രഹസ്യങ്ങളേക്കുറിച്ച് അറിവുള്ളവനും പൂർണ്ണനും നിറവുള്ളവനും ആകട്ടെ.

അങ്ങയുടെ ആഗ്രഹത്തെ സഫലമാക്കാതെ വരാതിരിപ്പാൻ എല്ലായ്പ്പോഴും ബലഹീനനായ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ. കർത്താവിന്റെ വചനം അനുശാസിക്കുന്നതുപോലെ നീ അനുസരിക്കുക. ഒരാൾ മറ്റൊരാൾക്ക് വേണ്ടി പ്രാർത്ഥിപ്പിൻ അങ്ങനെ നിങ്ങൾ സൗഖ്യം പ്രാപിക്കട്ടെ (യാക്കോബ് 5:16). അതുപോലെ ഞാൻ ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള ഉപദേശങ്ങൾ കുറയ്ക്കുന്നില്ല തന്മൂലം ചുരുങ്ങി കുറഞ്ഞ് പൂർണ്ണത ഇല്ലാതാകരുത്. എന്നാലോ നിന്റെ ചോദ്യങ്ങൾക്കനുസൃതമായി നിന്റെ ഇഷ്ടപ്രകാരം അതാത് സ്ഥലങ്ങളിൽ പ്രയോജനകരമായ കാര്യങ്ങൾ അതാതിന്റെ ക്രമത്തിൽ ചേർന്നുവരുന്നതിനനുസരിച്ച് അതിനോടുകൂടെ കൂട്ടിച്ചേർക്കാം. ആത്മീയ വിത്തുകളുടെ (ചിന്തകളുടെ) വർദ്ധനവിൽ നീ ആഹ്ളാദിക്കുകയും കേത്തീമിന്റെ മക്കളെ അതായത് റോമാക്കാർ എന്ന് വിളിക്കുന്നവർ യവനന്മാരിൽ നിന്ന് റോമാപ്രദേശം പിടിച്ചെടുത്ത റോമലൂസിൽ നിന്നാണ് ആ പേര് വന്നത്. അവൻ റോം നിർമ്മിച്ച് ആ പേര് അവർക്ക് നൽകി. കാരണം ജാതികൾ എന്ന അർത്ഥത്തിൽ ഹെലെനാക്കാർ അഥവാ യവനായക്കാർ എന്ന് വിളിക്കപ്പെട്ടിരുന്ന അവരുടെ പേര് നല്ലതല്ലെന്ന് കണ്ടു അവർ അതിനെ കളഞ്ഞ് റോമാ എന്ന നാമം മോഷ്ടിച്ചെടുത്തു. എന്നാൽ പലപ്പോഴും ജനങ്ങളുടെ ഇടയിൽ അവർ റോമാക്കാർ എന്ന് അറിയപ്പെട്ടിരുന്നെങ്കിലും വിശുദ്ധ ഗ്രന്ഥം യവനായർ എന്നാണ് വ്യക്തമായി വിളിച്ചിരുന്നത്. അവരെ മൽക്കൈറ്റ്സ് എന്നറിയപ്പെട്ടിരുന്നു, കാരണം അവർ പിതാക്കന്മാരുടെ പഠിപ്പിക്കലുകളെ ഉപേക്ഷിച്ച് മാർസിയൻ രാജാവിന്റെ പഠിപ്പിക്കലുകളെയാണ് പിൻതുടർന്നിരുന്നത്. വീണ്ടും കൽക്കിദോന്യർ എന്നറിയപ്പെട്ടിരുന്നു കാരണം കൽക്കദോൻ പട്ടണത്തിൽ കൂടിയ സുന്നഹദോസ് കൊണ്ടുവന്ന പുതിയ പഠിപ്പിക്കൽ പിന്തുടർന്ന് ഇരു സ്വഭാവത്തിലും (അവർ വിശ്വസിച്ചു). എന്നാൽ നമ്മുടെ ചിന്ത ഈ വിഷയത്തിലല്ലായ്കയാൽ ഇവ തന്നെ നമുക്ക് ധാരാളമാണ്. ആകയാൽ നമ്മുടെ മനസ്സിനെ നമ്മുടെ ലക്ഷ്യത്തിലേക്ക് തിരിക്കാം.

അദ്ധ്യായം രണ്ട്

ഒന്നാമതായി നാം അറിയപ്പെടുന്ന അദ്ധ്യായമായ ഈ എഴുത്ത് എന്റെ എൺപത്തിആറാമത്തെ മെമ്രായാണ്.

മാമോദീസായ്ക്ക് ശേഷം ക്രമീകൃതമായും ദൈവികമായ എരിവിൽ എരിഞ്ഞുകൊണ്ടും (ഉത്സാഹിച്ചുകൊണ്ട്) രഹസ്യങ്ങളുടെ കൃപയിൽ വർദ്ധിച്ചും മനസ്സിന് മറഞ്ഞതും രഹസ്യവുമായിരുന്ന വിശുദ്ധ രഹസ്യങ്ങളായ ശരീരത്തേയും രക്തത്തേയും സമീപിക്കുന്നു. അതിന്റെ മധ്യത്തിലേക്ക് സമീപിച്ച് അവയുടെ മുകളിലുള്ള മൂടി പതുക്കെ പതുക്കെ ഉയർത്തി കേൾവിക്കാരുടെ മുമ്പാകെ വച്ചിരിക്കുന്ന ദൈവശക്തിയുടെ ഉള്ളിൽ മറഞ്ഞിരിക്കുന്നതിനെ രുചിച്ച് അവരുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നു. ഈ പ്രാർത്ഥന ഉരുവിട്ട് ഇത് എഴുതി ക്രമീകരിച്ചവന് ഉയരത്തിൽ നിന്ന് ശക്തി ലഭിക്കട്ടെ (എന്ന് പ്രാർത്ഥിക്കാം). മുമ്പിലത്തേപ്പോലെ നമുക്ക് തുടങ്ങാം. ഒരുക്കിയ വയലിൽ വേലക്കാർ ഗോതമ്പ് വിത്ത് വിതയ്ക്കുന്നു. അതുപോലെ പുത്രന്റെ രഹസ്യങ്ങൾ പ്രതീകങ്ങളായി പ്രവാചകന്മാരായ തോഴന്മാർ സംസാരശക്തിയുള്ള വയലുകളായ എബ്രായ ജനത്തിന്റെ ഇടയിൽ വിതച്ചു. മഴയിലും ചാറൽ

മഴയിലും ഗോതമ്പ് വിത്തുകൾ മുളച്ചു വളർന്ന് കാറ്റിലാടി പാകമായി. അതുപോലെ പുത്രന്റെ രഹസ്യങ്ങളും ഉപമകളാലും രൂപകങ്ങളാലും വിവിധങ്ങളായും ഭാഗം ഭാഗമായുമുള്ള പ്രവചനങ്ങളാലും പൂർണ്ണമാകുകയും നിറവേറുകയും ചെയ്തു. ഗോതമ്പ് വിളഞ്ഞു അവ കൊയ്ത് വയലിൽ നിന്ന് കളപ്പുരയിലേക്ക് കൊണ്ടുവരുന്നു. അതുപോലെ പുത്രന്റെ രഹസ്യങ്ങൾ സ്വജാതികളിൽ പൂർണ്ണമായതിനു ശേഷം വിജാതികളുടെ അടുക്കലേക്ക് കൊണ്ടുപോയി. അതേപോലെ ഉയരത്തിൽ നിന്നുള്ള സുവിശേഷം ഗബ്രിയേൽ നമ്മുടെ മനുഷ്യത്വത്തിലേക്ക് കൊണ്ടുവന്നു. ബക്കറ്റിൽ എത്തിച്ച ഗോതമ്പ് പൊടികല്ലിൽ പൊടിക്കുന്നതുപോലെ വിശുദ്ധ ഗ്രന്ഥത്തിലെ വചനങ്ങൾ ക്രിസ്ത്യാനികളുടെ ചെവിയിൽ എത്തുകയും രഹസ്യങ്ങളെ വ്യാഖ്യാനിച്ച് കൊടുക്കുകയും ചെയ്യും. അതുപോലെ സദ്വാർത്ത കന്യകയുടെ ചെവികളിൽ എത്തി അവളുടെ മനസ്സിൽ വ്യക്തമായി ശോധനചെയ്യപ്പെട്ടു. പൊടിച്ച ഗോതമ്പ് കുഴച്ച് വച്ച് തീയിൽ അപ്പം ഉണ്ടാക്കുന്നതുപോലെ പുത്രൻ ബലഹീനമായ നമ്മുടെ ശരീരത്തെ സമ്മിശ്രപ്പെടാതെ കന്യകയുടെ ഗർഭപാത്രത്തിൽ അവന്റെ ദൈവത്വത്തിന്റെ അഗ്നിയിൽ യോജിക്കപ്പെട്ടു. അവൻ പരിശുദ്ധ റൂഹാ മൂലം വ്യത്യാസം കൂടാതെ മനുഷ്യനായിത്തീർന്നപ്പോൾ നമ്മുടെ ബലഹീനതയെ അവൻ ശക്തിപ്പെടുത്തി.

ദൈവികനായ പുത്രൻ നമ്മുടെ രക്ഷയ്ക്കു വേണ്ടി ആത്മാവിലും ശരീരത്തിലും ഒരേ ആളത്വമാകുന്ന തേരിലും ഒരേ സാരാംശത്തിൽ കലർപ്പോ വ്യത്യാസമോ കൂടാതെ ജഡത്തിൽ കാണപ്പെട്ടു. കുരിശിന്മേലുള്ള ബലിമൃഗമായി ജഡത്തിൽ അർപ്പിക്കപ്പെട്ടു. അതുപോലെ തിരഞ്ഞെടുക്കപ്പെട്ട ഉയിർപ്പിക്കപ്പെട്ട അപ്പം അഥവാ മുദ്രിതമായതും (ചതുർ) ഭൂതങ്ങളിൽ നിന്നുള്ള രഹസ്യങ്ങളുടെ അപ്പം ആരാധനയ്ക്കും രഹസ്യാത്മകമായ ബലിയ്ക്കുമായി വേർതിരിക്കുന്നു.

വിശുദ്ധ രഹസ്യങ്ങളുടെ പേരുകൾ

വീണ്ടും, ഏതെല്ലാം പേരുകളിൽ (വിശുദ്ധ) ശരീരവും രക്തവുമാകുന്ന രഹസ്യങ്ങളുടെ സംബന്ധം (സംസർഗം) അറിയപ്പെടുന്നു എന്ന് നോക്കാം. നാം പറയും ആറു പേരുകളിൽ ഇവ അറിയപ്പെടുന്നു. 1. സമ്മേളനം (ക്നൂശോയോ), 2. കർത്തൃമേശയുടെ സ്വീകരണം അഥവാ സംബന്ധം (ശൗത്തോഫൂത്തോ), 3. കൂടിച്ചേരൽ (കൂറോബോ), 4. ബലി അർപ്പണം (കുർബോനോ), 5. വിശുദ്ധ രഹസ്യം (റോസോ), 6. പൂർണ്ണതകളുടെ പൂർണ്ണത (ശ്മീറുതോ ദ് ശ്മീറോവോതോ). സമ്മേളനം എന്നു വിളിക്കുവാൻ കാരണം പല ഭാഗങ്ങളായി (വ്യക്തികളായി) നിന്നിരുന്ന നമ്മെ ഏക ദൈവത്തിൽ ഒന്നായിത്തിരുവാൻ ഒന്നിച്ചു കൂട്ടുന്നതുകൊണ്ട്. കർത്തൃമേശയുടെ സ്വീകരണം (സംബന്ധം) എന്നാൽ മശിഹായുടെ ശരീരത്തിൽ നാം സംബന്ധികളാകുകയും അവനോടുകൂടെ ഒരു ശരീരമായിത്തിരുകയും ചെയ്യുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ (യോഹ. 6:56) അതുപോലെ നാം മശിഹായുടെ ശരീരത്തിലെ അംഗംങ്ങളായിത്തീരും (1 കൊരി. 6:15, എഫേ 5:30) (എന്നെഴുതിയിരിക്കുന്നതുപോലെ). കൂടിച്ചേരൽ എന്ന് പറഞ്ഞാൽ ദൂരസ്ഥരും സമീപസ്ഥരും സ്വർഗ്ഗീയരും ഭൗമീകരും ഒന്നിച്ച് ചേരുന്നു. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ അവനിൽ നമ്മൾ ഇരു പക്ഷക്കാർക്കും പ്രവേശനം ഉണ്ട് (എഫേ. 2:18) അതായത് സ്വജാതികൾക്കും വിജാതികൾക്കും. കുർബ്ബാന (ബലി) എന്നു പറഞ്ഞാൽ, നമ്മുടെ പാപങ്ങൾക്കുവേണ്ടി പിതാവാം ദൈവത്തിന് അവൻ കാഴ്ച്ചയായി. ശ്ലീഹാ പറഞ്ഞതുപോലെ, നമുക്കുവേണ്ടി അവൻ ബലിയായിത്തീർന്നു ഇത്യാദി (എബ്ര 9:14). നിയമ(പുസ്തക)ത്തിലും പാപങ്ങൾക്കുവേണ്ടി കാഴ്ചയണയ്ക്കുന്ന ബലിയർപ്പണത്തെ കുർബ്ബാന എന്നാണ് വിളിച്ചിരുന്നത്. വിശുദ്ധ രഹസ്യങ്ങൾ എന്നു വിളിക്കുന്നതിന് കാരണം മാളിക മുറിയിൽ വച്ച് ക്രിസ്തു തന്റെ ശിഷ്യന്മാരെ അത് ഭരമേൽപ്പിച്ചത് രഹസ്യാത്മകമായിട്ടായിരുന്നു. വിശുദ്ധതകളുടെ വിശുദ്ധതകൾ എന്നു വിളിക്കുവാൻ കാരണം ഇതു കൂടാതെ മറ്റ് യാതൊരു ദൈവിക കൂദാശകളും പൂർണ്ണമാകുന്നില്ല. മാമോദീസാ ഏറ്റവർ വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കാതെ പൂർണ്ണരാകുന്നില്ല. അതേപോലെ പട്ടത്വം പൂർണ്ണമാക്കപ്പെടുകയും സാധൂകരിക്കപ്പെടുകയും ചെയ്യുന്നത് വിശുദ്ധ രഹസ്യങ്ങളിലൂടെയാണ്.

എന്നാൽ വീണ്ടും വേറേ ചില പേരുകൾ കൂടെ ഉണ്ട് അവ: 7, യൗക്കാറിസ്റ്റിയ അല്ലെങ്കിൽ കൃതജ്ഞതാ സ്തോത്രം, 8, ബലി: ബലി എന്ന പേര് ഒരു പൊതുവും സാധാരണവുമായ നാമമാണ്. അതിനെ പലതരത്തിൽ വിഭജിക്കാ



വുന്നതാണ്. 1 നിയമ പുസ്തകത്തിൽ കൽപ്പിച്ചതുപോലെ പൂർവ്വികർ സാധാരണയായി ചെയ്തിരുന്ന ആടുകൾ കാളകൾ മുതലായവയുടെ രക്താർപ്പണത്തെയാണ് ബലി എന്ന് വിളിക്കപ്പെടുന്നത്. 2 ബലി എന്ന് വിളിക്കപ്പെടുവാൻ കാരണം മിശിഹാ തന്നത്താൻ സ്ലീബായിൽ ബലിയായിത്തീർന്നു. ഈ ബലി (പഴയ ബലിയിൽ) സൂചകമായി വരച്ചുകാട്ടിയിരുന്നു. 3, സഹദേന്മാരുടെ കൊലയെ ബലി എന്ന് പറയുന്നു. 4, പീഡനങ്ങളിലൂടെയുള്ള ശരീരത്തിന്റെ മരണത്തെയും ദുഷ്ചിന്തകളുടെ നിവാരണത്തെയും ബലി എന്ന് വിളിക്കുന്നു. 5, വരുവാനുള്ള ലോകത്തിലേക്ക് നമ്മെ നയിക്കുന്ന സ്തുതികളേയും അതുപോലെ ദൈവത്തെ ഏറ്റുപറയുന്ന അധരങ്ങളുടെ ഫലങ്ങളെയും ബലി എന്ന് വിളിക്കാം. 6, കൗദാശികമായ യൗക്കറിസ്റ്റിയായെ ബലി എന്ന് വിളിക്കാം. അതിനെ രക്തരഹിതമായ ബലി എന്നും വിളിക്കാം. രക്തത്തോടുകൂടിയ (പഴയ) നിയമ ബലിയിൽ നിന്ന് വ്യതിരിക്തമാണ്.

അതുകൊണ്ട് നാം പറയും സ്വർഗ്ഗീയ അപ്പം ശരിയായും യഥാർത്ഥമായും ദൈവപുത്രന്റെ ശരീരം ആകുന്നു. അവൻ വചനത്തിന്റെ ശരീരം തന്നെ മറിയാമിൽ നിന്ന് സ്വീകരിക്കുകയും നമുക്കുവേണ്ടി കുരിശിൽ ബലിയായി തീരുകയും ചെയ്തു.

വീണ്ടും നാം പറയുന്നു, പെന്തിക്കോസ്തി ഞാറാഴ്ച പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ മേൽ ഇറങ്ങിവന്നു. തിങ്കളാഴ്ച മൂറോൻ കൂദാശ ചെയ്തു. ചൊവ്വാഴ്ച തബലീത്താ അഥവാ മദ്ബഹാ കൂദാശ ചെയ്തു. ബുധനാഴ്ച ദിവസത്തിൽ നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബ് അവനോട് സകലത്തിന്റെയും ദൈവവും കർത്താവുമായവൻ കൽപ്പിച്ച പ്രകാരം കുർബ്ബാന അർപ്പിച്ചു. അവന് ഇത് എവിടെ നിന്ന് കിട്ടി എന്ന് ചോദിച്ചപ്പോൾ അവൻ മറുപടി പറഞ്ഞു കർത്താവ് ജീവിച്ചിരിക്കുന്നു കർത്താവിൽ നിന്ന് ഞാൻ എന്ത് കേട്ടോ അതല്ലാതെ ഞാൻ ഒന്നും കൂട്ടിച്ചേർക്കുകയോ കുറയ്ക്കുകയോ ചെയ്തില്ല. അതുകൊണ്ട് ഇതാകുന്നു ആദ്യത്തേതും ഒന്നാമത്തേതുമായ കുർബാന. ഇവ ഇവിടെ അവസാനിപ്പിക്കാം.

(തുടരും)



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കണ്ടനാട് ഈസ്റ്റ് ഭദ്രാസന സെക്രട്ടറി ജേക്കബ് എബ്രഹാം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എം.എ. എക്കണോമിക്സ് പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി.

ലേഖനം

നിമിഷത്തിൽ നിന്ന് നിർന്നിമേഷത്തിലേക്ക്

ഫാ. ഡോ. കെ. എം. ജോർജ്

സംസ്കൃതത്തിൽ 'നിമിഷം' എന്നു പറഞ്ഞാൽ ഒരു പ്രാവശ്യം കണ്ണടച്ചു തുറക്കുന്നതിനുള്ള സമയമാണ്. നമ്മുടെ കാലഗണനയുടെ അടിസ്ഥാനമാത്ര ഇതാണ്. ഒരു മിനിട്ടിൽ ഒരാൾ സാധാരണഗതിയിൽ 15 മുതൽ 20 പ്രാവശ്യം വരെ കണ്ണു ചിമ്മാറുണ്ട്. ഉണർന്നിരിക്കുന്ന സമയം കണക്കിലെടുത്താൽ ഒരു വർഷം ഏതാണ്ട് 50 ലക്ഷത്തിനും 70 ലക്ഷത്തിനുമിടയ്ക്ക് നമ്മൾ കൺചിമ്മാറുണ്ട്. കണ്ണിന്റെ ആരോഗ്യത്തിനും നമ്മുടെ കാഴ്ചയുടെ ശേഷിക്കും അനുപേക്ഷണീയമാണ് നാം അറിയാതെ നടത്തുന്ന ഈ പ്രവൃത്തി. കൺമിഴികളിൽ പറ്റുന്ന പൊടിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്ത് അതിനെ ആർദ്രമാക്കി നിലനിർത്തുന്നത് കൺപോളകളുടെ അടച്ചുതുറക്കൽ ആണ്. കണ്ണിന് ആവശ്യമായ പോഷകങ്ങളും ഓക്സിജനും നനവും നൽകാൻ ഇത് സഹായിക്കുന്നു. ഒരു കാറിന്റെ വിൻഡ് സ്ക്രീൻ ഇടയ്ക്കിടയ്ക്ക് വൈപ്പർ ഉപയോഗിച്ച് കഴുകി തുടയ്ക്കുന്നതുപോലെ നാം ഉണർന്നിരിക്കുമ്പോഴെല്ലാം കൺപോളകൾ നമ്മുടെ കണ്ണിന്റെ ഉപരിതലം തുടച്ചുകൊണ്ടേയിരിക്കുന്നു. കൺപോളകൾ കൂടിച്ചേരുമ്പോൾ ഒരു തരി സമയം നാം കാഴ്ചയില്ലാതെ ഇരുട്ട് അനുഭവിക്കുന്നു. അതിദ്രുതഗതിയിൽ പോളകൾ തുറക്കുകയും പ്രകാശവും കാഴ്ചയും നാം അനുഭവിക്കുകയും ചെയ്യുന്നു. നമ്മുടെ ദിവസത്തിന് ഇരുട്ടും വെളിച്ചവും ഉള്ളതുപോലെ കണ്ണും തുടർച്ചയായി ഇരുട്ടും വെളിച്ചവും അനുഭവിക്കുന്നു.

ഓരോ പ്രാവശ്യവും കൺപോളകൾ തുറക്കുമ്പോൾ നാം കാണുന്നത് ഒരു പുതിയ കാഴ്ചയാണ്. ഒരേ വസ്തുവിനെ തന്നെയാണ് നാം നോക്കുന്നതെങ്കിലും ഓരോ കണ്ണിമയ്ക്കലിലും ഒരു പുതിയ ലോകത്തിന്റെ അനാവരണമുണ്ട്. ചുരുക്കത്തിൽ നാം ഒരു മിനിട്ട് കണ്ണു തുറന്ന് എന്തെങ്കിലും കാണുമ്പോൾ ഒരു പതിനഞ്ച് ഇരുപത് തവണയെങ്കിലും നമ്മുടെ കാഴ്ച നവീകരിക്കപ്പെടുന്നു. ഇപ്പോഴത്തെ ഡിജിറ്റൽ ക്യാമറാകളിൽ പെട്ടെന്നു പെട്ടെന്ന് ഒരേ സംഗതിയുടെ അനേകം പടങ്ങൾ എടുക്കാം. അവ നിശ്ചലദൃശ്യങ്ങളാണെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകും ഓരോ ക്ലിക്കും ഓരോ പുതിയ ചിത്രമാണ് നൽകുന്നത്. ഇത് തന്നെ നമ്മുടെ കണ്ണിനും കാഴ്ചയ്ക്കും സംഭവിക്കുന്നു. എന്റെ കാഴ്ച എന്നത് കാഴ്ചകളുടെ ഒരു പരമ്പരയാണ്. ഓരോ കാഴ്ചയും ഓരോ നിമിഷവും ഓരോ പുതിയ അനുഭവമാണ് എന്റെ മസ്തിഷ്കത്തിന് നൽകുന്നത്. വളരെ സൂക്ഷ്മമായ മാറ്റമായതുകൊണ്ട് നാമത് തിരിച്ചറിയുന്നില്ല എന്നേയുള്ളു.

കണ്ണിന്റെ ഈ ശാരീരിക ധർമ്മത്തെ നമ്മുടെ മനസ്സിന്റെയും ആത്മാവിന്റെയും കാഴ്ചകളുമായി നമുക്ക് ബന്ധിപ്പിക്കാം. സാധാരണ മനുഷ്യർക്ക് പ്രയാസമുള്ള കാര്യമാണെങ്കിലും ഈ ആശയം താത്വികമായിട്ടെങ്കിലും സ്വീകരിച്ചാൽ നാം കാണുന്ന സൃഷ്ടി മുഴുവനും നമ്മുടെ ഓരോ കൺചിമ്മിലും മാറ്റത്തിനു വിധേയമാകുന്നു എന്നു കാണാം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് സൃഷ്ടിയിൽ നിരന്തരം പരിവർത്തിക്കുന്നു എന്ന് വേദപുസ്തകാടിസ്ഥാനത്തിൽ നാം മനസ്സിലാക്കുന്നു. ലാവണ്യവിചാരത്തിന്റെ ഉപരി മേഖലകളിലേക്ക് നാം കടക്കുമ്പോൾ നമ്മുടെ സൗന്ദര്യ ദർശനം നിശ്ചല ദൃശ്യമല്ല, നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന, അനുനിമിഷം പുതുതായിക്കൊണ്ടിരിക്കുന്ന ദൈവസൃഷ്ടിയെയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത് എന്നു മനസ്സിലാകും.

മനുഷ്യനും മിക്ക ജീവജാലങ്ങൾക്കും കണ്ണടച്ചു തുറക്കാമെങ്കിലും മത്സ്യങ്ങൾക്കു പൊതുവെ കൺപോളകൾ ഇല്ല. അതുകൊണ്ട് അവയുടെ കണ്ണ് എപ്പോഴും തുറന്നിരിക്കുന്നു. വെള്ളത്തിനുള്ളിലായതുകൊണ്ട് കരജീവികളെപ്പോലെ അവയ്ക്ക് കണ്ണ് നനച്ചു തുടയ്ക്കേണ്ട ആവശ്യമില്ല. മീനിന് 'നിർന്നിമേഷം' എന്നൊരു പര്യായപദമുണ്ട്. നിമിഷത്തിന് എതിർപദമാണിത്. കണ്ണടയ്ക്കാതെ എപ്പോഴും തുറന്നിരിക്കുന്ന കണ്ണിന്റെ അവസ്ഥയാണ് നിർന്നിമേഷം എന്ന് നമുക്കറിയാം. ഇതിൽ നിന്നാണ് മീനിന് ആ പേര് കിട്ടിയത്. ഈ ലേഖകൻ രചിച്ച പഴയ ഒരു ചിത്രമുണ്ട്. 'മീനാക്ഷി' എന്നു പേരിട്ടിരിക്കുന്ന ആ ചിത്രത്തിൽ ഒരു മീനും അതിന്റെ കണ്ണുമാണ് കേന്ദ്രം. നിരവധി മറകളുടെ അടരുകളെ തുളച്ചു പോകുന്നതാണ് മീൻകണ്ണ്. എപ്പോഴും ജാഗ്രത്തായിരിക്കുന്ന, പ്രകാശിതമായിരിക്കുന്ന മനുഷ്യബോധത്തിന്റെ പ്രതീകമാണത്. നമ്മുടെ ലോകത്തിൽ നാം സാധാരണ കാണുന്നതെല്ലാം ഒരു തരം മറ / സ്ക്രീൻ / mask ആണ്. നാം ഒരാളിനെ കാണുമ്പോൾ അയാൾ ധരിച്ചിരിക്കുന്ന വസ്ത്രം, അയാളുടെ ശരീരത്തിന്റെ ആകൃതി, മുടിയുടെ നിറം, തൊലിയുടെ വർണ്ണം, മുഖത്തിന്റെ ഭാവം ഇങ്ങനെ നിരവധി മറകളുണ്ട്. പിന്നെ അയാൾ താമസിക്കുന്ന വീട്, സഞ്ചരിക്കുന്ന വാഹനം, പറയുന്ന ഭാഷ, കാണിക്കുന്ന ആംഗ്യങ്ങൾ ഇങ്ങനെ വീണ്ടും അനവധിയാണ് മറകളും മാസ്കുകളും. ചുരുക്കത്തിൽ ആ ആളിനെ യഥാർത്ഥമായി മനസ്സിലാക്കുന്നതിൽ നിന്ന് നമ്മെ തടയുന്ന മാസ്കുകളാണ് ഇവയെല്ലാം. നമ്മുടെ കണ്ണ് സാധാരണ പ്രകാശം ഉപയോഗിച്ചാണ് കാണുന്നതെങ്കിൽ നമുക്ക് ആ വ്യക്തിയെ ഒരിക്കലും മനസ്സിലാ



ക്കാനാവില്ല. കാരണം, പലവിധ മുൻവിധികൾ ഓരോ മറയും നമ്മിൽ സൃഷ്ടിക്കും. അതുകൊണ്ടാണ് നമ്മുടെ കണ്ണിന് സവിശേഷമായ പ്രകാശം ആവശ്യമാണ് എന്ന് മഹാഗുരുക്കന്മാർ പഠിപ്പിക്കുന്നത്. കണ്ണ് ശരീരത്തിന്റെ വെളിച്ചമാണ് എന്ന് യേശുക്രിസ്തു പഠിപ്പിച്ചു. എന്നാൽ ആ വെളിച്ചത്തെ മറയ്ക്കുന്ന തിരശ്ശീലകളാണ് നമുക്കു ചുറ്റും നാം കാണുന്നത്. എങ്ങനെ അവയെ മറികടന്ന് യഥാർത്ഥ കാഴ്ച എന്ന സത്യദർശനം നമുക്ക് നേടാം എന്നതാണ് പ്രധാനവെല്ലുവിളി.

അപ്പോൾ 'നിമിഷത്തെ' നാം ഗൗരവമായി എടുക്കണം. ഓരോ പ്രാവശ്യവും അതാണ് നമ്മുടെ കണ്ണുകളെ തുടച്ചു വൃത്തിയാക്കുന്നത്. എന്നാൽ ആ നിമിഷത്തിൽ ഒതുങ്ങി നമുക്ക് ജീവിക്കാനാവില്ല. പുതിയ പുതിയ കാഴ്ചകളാണ് നമുക്ക് ലഭിക്കേണ്ടത്. മാറിമാറി വരുന്ന ആ കാഴ്ചകളുടെ എല്ലാം അവസാനം നാം നിർന്നിമേഷരായി തീരും എന്നു തന്നെയാണ് നമ്മുടെ ആദ്ധ്യാത്മിക പൈതൃകം പഠിപ്പിക്കുന്നത്. അതായത് കണ്ണിന് ഉൾവെളിച്ചം ലഭിക്കുകയും, എന്തെല്ലാം പുകയും പൊടിയും തടയും നമ്മുടെ കണ്ണിനെ തടസ്സപ്പെടുത്തിയാലും ജാഗ്രത്തായ ഉൾബോധം മീൻകണ്ണുപോലെ എപ്പോഴും തുറന്നിരിക്കുകയും എല്ലാ മറകൾക്കും അപ്പുറത്തുള്ള യഥാർത്ഥ കാഴ്ച കാണുകയും ചെയ്യും.

ഗൗതമബുദ്ധനെക്കുറിച്ച് ഒരു കഥയുണ്ട്. ദീർഘമായ വർഷങ്ങൾ കഠിനമായ തപശ്ചര്യകൾ അനുഷ്ഠിക്കുകയും പല മാർഗ്ഗങ്ങൾ തേടുകയും ചെയ്തിട്ട് അവസാനം ഗയയിലെ ആൽമരത്തിന്റെ കീഴിൽ ഇരുന്നപ്പോൾ അദ്ദേഹത്തിന് ബോധത്തിൽ പ്രകാശനമുണ്ടായി; ബോധം തെളിഞ്ഞു; ആ തെളിഞ്ഞ ബോധം എന്ന ബുദ്ധിയാണ് ഗൗതമനെ ബുദ്ധനാക്കിയത്. അദ്ദേഹത്തിന് ബോധദീപിതി ലഭിച്ചു കഴിഞ്ഞ് ദിവസങ്ങളോളം കണ്ണിമയ്ക്കാതെ ബോധിവൃക്ഷമായിത്തീർന്ന ആൽമരത്തെ നോക്കിയെന്നാണ് കഥ. കാഴ്ചയുടെ ആവരണങ്ങൾ എല്ലാം മാറി. മറകളെ എല്ലാം പ്രകാശിതമായ ബോധം മറികടന്നു.

യേശുക്രിസ്തു ആവർത്തിച്ചു പറഞ്ഞത്, 'നിങ്ങൾ ഉണർന്നിരിക്കണം' എന്നാണ്. കണ്ണു തുറന്നിരിക്കുന്ന അവസ്ഥ ആന്തരിക ജാഗ്രതയുടെ അടയാളമാകാം. നമ്മുടെ ചുറ്റുപാടുമുള്ള ലോകത്തെയും അതിന്റെ കാപട്യത്തെയും ക്ഷണികതയെയും അതുപോലെ അതിന്റെ മൂല്യത്തെയും സാധ്യതയെയും തിരിച്ചറിയുന്നത് ഈ ജാഗ്രത്തായ ബോധമാണ്. താബോർ മലയിൽ ക്രിസ്തു ശരീരത്തിന് പ്രകാശാനുഭവം ഉണ്ടായപ്പോൾ, കൂടെയുണ്ടായിരുന്ന മൂന്ന് ശിഷ്യന്മാർക്ക് ഞൊടിനേരത്തേക്ക്, അതായത് ഒന്ന് കണ്ണടച്ചു തുറക്കുന്ന നിമിഷനേരത്തേക്ക്, ഒരു ദർശനമുണ്ടായി. യേശുവിന്റെ വസ്ത്രം വെട്ടിത്തിളങ്ങുന്നതായും അവൻ പൂർവ്വീകരായ മോശയോടും ഏലിയാവോടും സംഭാഷിക്കുന്നതായും അവർ കണ്ടു. എന്നാൽ ഇതൊരു നിമിഷനേരത്തേക്ക് മാത്രം. ഉടൻ അവർ കണ്ണുകൾ പൂഴ്ത്തി ഭയപ്പെട്ട് നിലത്ത് കമിഴ്ന്നു കിടന്നു. സ്ഥലകാലങ്ങളുടെ മറകളെ നീക്കി അവർ ഒരു നിമിഷം കാഴ്ച കണ്ടുവെങ്കിലും ഉടനെ അവർക്കത് നഷ്ടപ്പെട്ടു. സത്യാന്വേഷികളായ ഒത്തിരിയേറെ മനുഷ്യർക്ക് ഇങ്ങനെ ചില നിമിഷ ദർശനങ്ങൾ ലഭിച്ചെന്നിരിക്കാം. നിർന്നിമേഷതയിലേക്ക് അവർ എത്തുന്നില്ല. എങ്കിലും ഈ നൈമിഷിക ദർശനം അവരെ മൗലികമായി രൂപാന്തരപ്പെടുത്താൻ കഴിവുള്ളതാണ്. പിന്നീട് നിരവധി അനുഭവങ്ങളിലൂടെ ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് കടന്നുപോകേണ്ടി വന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ നിർന്നിമേഷ കാഴ്ച അവർക്കു പിന്നീട് ലഭിച്ചു എന്നു നമുക്കു വിശ്വസിക്കാം.. ചുരുക്കത്തിൽ അനശ്വരതയുടെ ദർശനം നിർന്നിമേഷമാണ്. ഇമ പൂട്ടാത്ത ആ ദർശനത്തിന് ഒരു രൂപകാലങ്കാരമായിട്ടാണ് മീൻകണ്ണിനെക്കുറിച്ച് ഇവിടെ പറഞ്ഞത്.

കല അതിന്റെ യഥാർത്ഥമായ സൗന്ദര്യാനുഭൂതിയിൽ നമ്മെ നിർന്നിമേഷതയിലേക്ക് നയിക്കും. അവിടെ നാം കാണുന്നത് യാഥാർത്ഥ്യത്തിന്റെ ഒരു തലമോ ഒരു അർത്ഥമോ അല്ല. നിരവധി തലങ്ങൾ നാം കാണും. അനന്തമായ അർത്ഥധ്വനികൾ നാം കേൾക്കും. നമ്മുടെ സാധാരണ കാഴ്ച ത്രിമാനങ്ങളിലാണ് (three - dimensional) എന്ന് നമുക്കറിയാം. നീളവും വീതിയും കനവും ചേർന്നു വരുന്ന മൂന്ന് അളവുകളിലാണ് നമ്മുടെ യാഥാർത്ഥ്യ ദർശനം. രണ്ട് മാനങ്ങളിലായി (dimensions) വേണമെങ്കിലും നമുക്ക് യാഥാർത്ഥ്യത്തെ കുറെ മനസ്സിലാക്കാൻ കഴിയും. ആധുനിക പ്രപഞ്ചശാസ്ത്രത്തിൽ, String theory യും മറ്റും പത്തുപതിനൊന്നു മാനങ്ങളെക്കുറിച്ചും അതിൽ കൂടുതലും പറയുന്നുണ്ട്. മാനങ്ങൾ അസംഖ്യവുമാകാം. എന്നാൽ നമുക്കിത് യാതൊരുതരത്തിലും മനസ്സിലാക്കാൻ സാധ്യമല്ല. ഐൻസ്റ്റൈൻ മൂന്നു മാനങ്ങൾക്കൊപ്പം



സമയത്തെ നാലാമതൊരു മാനമായി കാണിച്ചിട്ടുണ്ട്. വാസ്തവത്തിൽ നമുക്ക് ഒരു തരത്തിലും മനസ്സിലാക്കാനോ വർണ്ണിക്കാനോ ആകാത്ത പ്രതിഭാസങ്ങളെയും സമസ്യകളെയുമാണ് ഇത്തരം സിദ്ധാന്തങ്ങൾ ഗണിതത്തിലൂടെ വെളിപ്പെടുത്താൻ ശ്രമിക്കുന്നത്.

നമ്മുടെ സാധാരണ ഭാഷയിൽ ഭൗതികതലമെന്നും ആദ്ധ്യാത്മിക തലമെന്നും യാഥാർത്ഥ്യത്തെ നാം വേർതിരിക്കാറുണ്ട്. എന്നാൽ ഭൗതിക തലത്തിനുള്ളിൽ തന്നെ അനന്തതയുടെ ഇമവെട്ടലുകൾ ഉണ്ട്. നമ്മെ അദ്ഭുതപ്പെടുത്തുകയും ആനന്ദിപ്പിക്കുകയും ചെയ്യേണ്ടുന്ന ഒന്നാണിത്. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയുണ്ട് എന്ന് യേശു പറഞ്ഞ വചനം നമുക്ക് ഇവിടെ അനുസ്മരിക്കാം. ചുരുക്കത്തിൽ ഭൗതികം X ആത്മികം എന്ന് പഴയരീതിയിൽ പറയുക ഇനി സാധ്യമല്ല. ഭൗതികത്തിൽ നിന്നു വേറിട്ടു നിൽക്കുന്ന ഒരു ആദ്ധ്യാത്മികതലം നമുക്ക് ഒരു കലയിലും സാഹിത്യത്തിലും മതത്തിലും വിശ്വാസത്തിലും അനുഭവപ്പെടുകയില്ല. എന്നാൽ ഭൗതികതലത്തിന്റെ തന്നെ പുതിയ വെളിപാടുകൾ കൊണ്ട് നാം ഭൗതികതയുടെ അതിരുകളെ അതിലംഘിക്കുന്നു. വെള്ളത്തിനു മുകളിൽ വായു ഉണ്ടെങ്കിലും മീനിന് വെള്ളത്തിൽ നിന്നു തന്നെ ഓക്സിജൻ കിട്ടും. വെള്ളത്തിനു പുറത്ത് അതിനു ജീവിക്കാനുള്ള ശാരീരിക സന്നാഹവുമില്ല. മനുഷ്യനെ സംബന്ധിച്ചും ഇത് വേറൊരുതരത്തിൽ പറയാം. സ്ഥലകാലങ്ങളുടെ ഭൗതിക വലയത്തിനുള്ളിൽ മനുഷ്യബോധവും സൗന്ദര്യദർശനവും പ്രകാശിതമാകുമ്പോൾ അനശ്വരതയുടെ അനുഭവം ഇവിടെത്തന്നെ ഉണ്ടാകും. കണ്ണടച്ചു തുറക്കുന്ന 'നിമിഷ'ത്തിന്റെ ക്ഷണികതയിൽ നിന്ന് ഈ അനശ്വരാനുഭവത്തിന്റെ 'നിർന്നിമേഷ'ത്തിലേക്കാണ് നാം പ്രവേശിക്കേണ്ടത്.

നമ്മുടെ ഇക്കാണുന്ന പ്രപഞ്ചം (universe) മാത്രമേയുള്ളോ, അതോ, അതിനപ്പുറത്ത് വേറെ പ്രപഞ്ചങ്ങൾ ഉണ്ടോ എന്ന ചോദ്യം നിലവിലുണ്ട്. പക്ഷേ ഉത്തരം പറയാൻ ആർക്കും കഴിയില്ല. ഇപ്പോഴത്തെ പ്രപഞ്ചത്തിന്റെ പോലും നാലഞ്ച് ശതമാനമേ നമുക്ക് അൽപ്പമെങ്കിലും അറിയാനാവൂ എന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. അപ്പോൾ പിന്നെ മറ്റ് പ്രപഞ്ചങ്ങളെപ്പറ്റി എന്തു പറയാൻ കഴിയും. എങ്കിലും ഇപ്പോഴത്തെ പ്രപഞ്ചയുക്തി വച്ചു നോക്കിയാൽ അങ്ങിനെ അസംഖ്യം അതീത പ്രപഞ്ചങ്ങൾ (multiverse) ഉണ്ടായിരിക്കാൻ സാധ്യതയുണ്ട്. അങ്ങിനെയുണ്ടെന്ന് നമുക്ക് സങ്കൽപ്പിക്കാൻ ആവുമെങ്കിൽ അത് ഭൗതികമായി ഉണ്ടായിരിക്കാനും ഇടയുണ്ട്. മനുഷ്യവംശത്തിന്റെ തീരെ ചുരുങ്ങിയ യുഗത്തിൽത്തന്നെ മനുഷ്യൻ അത് ഭൗതികമായി കണ്ടെത്തുമോ എന്നത് വേറെ ചോദ്യമാണ്. ബഹുപ്രപഞ്ചങ്ങൾ (multiverse) ഉണ്ട് എന്ന് സങ്കല്പിക്കുന്നത് നമ്മുടെ ആത്മിക ദർശനത്തിനും സൗന്ദര്യ സങ്കൽപ്പത്തിനും പുതിയ വാതിലുകൾ നൽകും. "കണ്ണിമയ്ക്കുന്നതിനിടയ്ക്ക്" ('നിമിഷം') നാമെല്ലാം രൂപാന്തരപ്പെടും (1 കൊരി. 15:22) എന്ന് വി. പൗലോസ് പറയുന്നതിനെ ഇങ്ങനെയും മനസ്സിലാക്കാം. ഒരു പുതിയ പ്രപഞ്ചമായിരിക്കും, കൺചിമ്മി ഉണരുമ്പോൾ നമുക്കു മുമ്പിൽ തുറക്കപ്പെടുന്നത്. നമ്മുടെ ആയുസ്സിനെയും നമ്മുടെ മനുഷ്യവംശത്തിന്റെ ആയുസ്സിനെയും ഒരൊറ്റ നിമിഷമായി നാം കണക്കാക്കണം.

വചനതീർത്ഥം



"കർത്തവ്യബോധവും കൃത്യനിഷ്ഠയും"

വാങ്ങിപ്പോയ വൈദികരുടെ (കൊഹനെ) ഞായറാഴ്ച

(വി. മത്തായി 24: 42–51)

ഫിലിപ്പോസ് റമ്പാൻ

(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

സഭയുടെ ആരാധന വർഷത്തിലെ രണ്ടാമത്തെ കാലഘട്ടത്തിലെ അവസാന ഞായറാഴ്ചകളിലേക്ക് എത്തിയിരിക്കുന്നു. നിനവെ നോമ്പിനു ശേഷമുള്ള രണ്ടു ഞായറാഴ്ചകൾ വലിയ നോമ്പിനു മുമ്പായി വരുന്നു. ഇതിൽ ആദ്യത്തെ ഞായറാഴ്ച വാങ്ങിപ്പോയ എല്ലാ വൈദിക ഗണത്തെയും രണ്ടാമത്തെ ഞായറാഴ്ച വാങ്ങിപ്പോയ എല്ലാ വിശ്വാസികളെയും പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ എല്ലാ ആരാധന ഘടനയിലും വാങ്ങിപ്പോയ വിശ്വാസികളെയും വൈദിക ഗണത്തെയും നാം ഓർക്കാറുണ്ട് എങ്കിലും ഇവിടെ വലിയ നോമ്പ് ആരംഭിക്കുന്നതിന് മുമ്പായി ഓരോ ഞായറാഴ്ച ഇവർക്കുവേണ്ടി മാത്രമായി വേർതിരിച്ചിരിക്കുന്നു. വാങ്ങിപ്പോയവരെ ഓർക്കാത്ത ഒരു ആരാധനയും നമ്മുടെ സഭയിൽ ഇല്ല.

പൗരാണിക കാലംമുതലേ നമുക്ക് വാങ്ങിപ്പോയവരെ ഓർക്കുന്ന പാരമ്പര്യം ഉണ്ട്. വി. വേദപുസ്തകത്തിൽ ആദിയോടന്തം പരിശോധിക്കുമ്പോൾ വാങ്ങിപ്പോയ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന പല ഉദാഹരണങ്ങളും നമുക്ക് കാണുവാൻ കഴിയും. ഇന്നത്തെ പഴയനിയമ വായനയിൽ സംഖ്യാപുസ്തകം 20–ാം അദ്ധ്യായം 29 മുതൽ ഉള്ള ഭാഗത്ത് ഹോർ പർവ്വതത്തിൽ വച്ച് അഹരോൻ മരിക്കുന്നു. അഹരോൻ മരിച്ചുപോയി എന്ന് സഭയെല്ലാം അറിഞ്ഞപ്പോൾ യിസ്രായേൽഗൃഹം ഒക്കെയും അഹരോനെക്കുറിച്ച് മുപ്പതുദിവസം വിലപിച്ചു കൊണ്ടിരുന്നു. കൂടാതെ മഹാപുരോഹിതന്മാർ ബലിയർപ്പണത്തിനായി യരുശലേം ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുമ്പോൾ ധരിക്കുന്ന മാർപ്പതക്കത്തിൽ ഇസ്രായേൽക്കാരുടെ പന്ത്രണ്ട് ഗോത്രപിതാക്കന്മാരുടെ സംഖ്യ അനുസരിച്ച് പന്ത്രണ്ട് കല്ലുകൾ പതിച്ചിരുന്നു. ബലിയർപ്പണ സമയത്ത് വർഷങ്ങൾക്ക് മുമ്പേ മരിച്ചുപോയ ഈ ഗോത്രപിതാക്കന്മാരെ ഓർക്കുവാൻ തക്കവണ്ണം അവരുടെ പേരുകൾ ഈ കല്ലുകളിൽ അടയാളപ്പെടുത്തുന്നു. ഈ പിതാക്കന്മാരെ ഓർക്കാതെ അവർക്ക് ഒരു ബലിയർപ്പണവും ഇല്ല.

നോമ്പ് എന്നത് സാത്താനോടുള്ള പോരാട്ടത്തിന്റെ കാലങ്ങളാണ്. ഈ ലോകത്തിന്റെ മോഹങ്ങളെ്ും പ്രലോഭനങ്ങളെയും അതിജീവിക്കുവാൻ നമുക്ക് സാധിക്കുന്നത് നമ്മുടെ പൂർവ്വിക പിതാക്കന്മാരുടെ മദ്ധ്യസ്ഥത മൂലമാണ്. പഴയകാലത്ത് യുദ്ധത്തിനു മുമ്പായി പിതൃക്കളെ വണങ്ങി അവരുടെ അനുഗ്രഹം പ്രാപിക്കുന്ന ഒരു രീതി ഉണ്ടായിരുന്നു. ഇവിടെ നാമും വലിയ നോമ്പാകുന്ന വലിയ യുദ്ധക്കളത്തിലേക്ക് ഇറങ്ങുന്നതിന് മുമ്പ് നമ്മുടെ എല്ലാ പൂർവ്വിക പിതാക്കന്മാരെ സ്മരിച്ച് അവരെയും ചേർത്ത് നോമ്പിലേക്ക് പ്രവേശിക്കുന്നു. അങ്ങനെ നാം വലിയ നോമ്പിന് മുമ്പുള്ള ആദ്യത്തെ ഞായറാഴ്ച നമ്മുടെ ആത്മീയ പിതൃക്കളെയും രണ്ടാമത്തെ ഞായറാഴ്ച നമ്മുടെ ലൗകിക പിതൃക്കളെയും പ്രത്യേകം പ്രത്യേകം ഓർക്കുന്നു.

നമ്മുടെ ആത്മീയ പിതാക്കന്മാരായ സകല വാങ്ങിപ്പോയ പുരോഹിതരെയും ഓർക്കുന്ന ഈ ആഴ്ചയിലെ വേദഭാഗം വി. മത്തായി 24–ാം അദ്ധ്യായം 42 മുതൽ 51 വരെയുള്ള വേദഭാഗങ്ങളാണ്. ദനഹാപ്പെരുന്നാളിനു ശേഷമുള്ള കഴിഞ്ഞ നാലു ഞായറാഴ്ചകളിലായി കർത്താവിന്റെ വിളി കേട്ട് അവനെ അനുഗമിച്ച സഹോദരങ്ങളായ അന്ത്രയോസിനെയും പത്രോസിനെയും യാക്കോബ്, യോഹന്നാൻ എന്നിവരെയും അവരുടെ വിളിയെക്കുറിച്ചും അവരുടെ പ്രതികരണത്തെക്കുറിച്ചും നാം പ്രത്യേകമായി ധ്യാനിക്കുകയുണ്ടായി. അതിനുശേഷം ഫിലിപ്പോസിന്റെയും നഥനയേലിന്റെയും കർത്താവിന്റെ അടുക്കലേക്കുള്ള വരവിനെക്കുറിച്ചും പിന്നീട് നിക്കോദിമോസിന്റെ വരവിനെക്കുറിച്ചും ധ്യാനിച്ചു. അവസാനമായി കർത്താവിനെ സ്വന്ത പട്ടണക്കാർ ത്യജിക്കുന്നതിനെക്കുറിച്ചും നാം ധ്യാനിച്ചു. ഇവിടെ തങ്ങൾക്ക് ലഭിച്ച അവസരങ്ങൾ തക്കത്തിനു ഉപയോഗിച്ച് വെളിച്ചത്തിന്റെ മക്കളായി രൂപാന്തരം പ്രാപിച്ചവരെയും എല്ലാ സാദ്ധ്യതകളും അവസരങ്ങളും ലഭിച്ചിട്ടും പ്രകാശത്തിലേക്ക് വരാതെ പുറംതിരിഞ്ഞു നിന്നവരും തമ്മിലുള്ള വ്യത്യാസം നമുക്ക് ഇവിടെ കാണുവാൻ കഴിയും.

ഇന്നത്തെ വേദഭാഗത്ത് സമയത്തിന്റെ വിനിയോഗത്തെക്കുറിച്ചും സമയത്തെക്കുറിച്ചും ജാഗ്രതയുള്ളവരായിരിക്കണമെന്നും നമ്മെ ഓർപ്പിക്കുന്നു. 'അവൻ പെട്ടെന്ന് വന്ന് നിങ്ങളെ ഉറങ്ങുന്നവരായി കണ്ടെത്താതിരിക്കേണ്ടതിന് ഉണർന്നിരിപ്പിൻ. ഞാൻ നിങ്ങളോടു പറയുന്നതോ, എല്ലാവരോടും പറയുന്നു. ഉണർന്നിരിപ്പിൻ (വി. മർക്കോസ് 13:36) യജമാനൻ ഏല്പിച്ച ജോലി മറന്ന് മറ്റുകാര്യങ്ങളിൽ ശ്രദ്ധിക്കുകയും ആദ്യത്തെ ദൗത്യം മറക്കുകയും ചെയ്യുന്നവർക്കുള്ള മുന്നറിയിപ്പാണ് ഇവിടെ നമുക്ക് കാണുവാൻ കഴിയുന്നത്. നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം വീട്ടുടയവൻ അറിഞ്ഞിരുന്നു എങ്കിൽ അവൻ ഉണർന്നിരിക്കുകയും തന്റെ വീട് തുരക്കുവാൻ സമ്മതിക്കാതിരിക്കുകയും ചെയ്യും. നിനക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ. ഈ വേദഭാഗത്ത് പ്രധാനമായും രണ്ടു കാര്യങ്ങൾ നമ്മെ ഓർപ്പിക്കുന്നു. കാര്യവിചാരകരായി നിയമിക്കപ്പെട്ടിട്ടുള്ളവർ ഉണർന്നും ഒരുങ്ങിയും കർത്തവ്യബോധത്തോടെയും കൃത്യനിഷ്ഠയോടെയും പ്രവർത്തിക്കണം.

കർത്തവ്യബോധവും കൃത്യനിഷ്ഠയും

ഇന്ന് വാങ്ങിപ്പോയ എല്ലാ വൈദികരെയും ഓർക്കുന്ന ദിനമാണല്ലോ. തന്റെ വീട്ടുകാർക്ക് തക്കസമയത്ത് ഭക്ഷണം കൊടുക്കുവാൻ യജമാനനാൽ നിയോഗിക്കപ്പെട്ട വിശ്വസ്തനും ബുദ്ധിമാനുമായ ദാസനെപ്പറ്റിയുള്ള വർണ്ണനയാണ് ഇന്നത്തെ ധ്യാനവിഷയം. യജമാനനാൽ നിയമിക്കപ്പെട്ടിരിക്കുന്ന ദാസൻ കർത്തവ്യബോധവും കൃത്യനിഷ്ഠയുള്ളവനും ആയിരിക്കണം. ജാഗ്രതയും കൃത്യനിഷ്ഠയും പുലർത്തുന്നവർക്ക് ശ്രേഷ്ഠ പ്രതിഫലവും അലസതയും, അരാജകത്വവും പിൻതുടരുന്നവർക്ക് ശിക്ഷാവിധിയും ലഭിക്കുന്നു. നമ്മെ വിളിച്ചിരിക്കുന്ന വിളിക്ക് അനുയോജ്യമായി പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കണം. സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം ജഡത്തിനു അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ (ഗലാത്യർ 5:13). ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്ക.

ഫിലിപ്യ ലേഖനത്തിൽ പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണംകൂടി നോക്കണം" (ഫിലിപ്യർ 2:3–4). കാരണം "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു." (1 പത്രോ. 2:9) നാം പ്രത്യേകാൽ തിരഞ്ഞെടുക്കപ്പെട്ട പുരോഹിത വംശമാകുന്നു. നാം ഓരോരുത്തരും ദൈവത്താൽ പ്രത്യേകാൽ വിളിച്ച് വേർതിരിച്ച് തിരഞ്ഞെടുക്കപ്പെട്ടവരാകയാൽ നമ്മുടെ വിളിയെക്കുറിച്ച് ഉത്തമബോദ്ധ്യമുള്ളവരും നമ്മുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോദ്ധ്യമുള്ളവരും കൃത്യനിഷ്ഠയുള്ളവരുമായി പ്രവർത്തിക്കണം.

അലസത വെടിഞ്ഞ് ഉത്സാഹത്തോടെ കാത്തിരിക്കുക

കർത്താവിന്റെ രണ്ടാമത്തെ വരവ് എപ്പോൾ എന്ന് ആർക്കും പ്രവചിക്കുവാൻ സാദ്ധ്യമല്ല. സമയത്തെക്കുറിച്ച് പിതാവ് അല്ലാതെ പുത്രൻപോലും അറിയുന്നില്ല. "കള്ളൻ രാത്രിയിൽ വരുംപോലെ കർത്താവിന്റെ നാൾ വരുന്നു (1 തെസ്സ. 5:2). ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധവുമായിരിക്ക. കാരണം കർത്താവിന്റെ നാൾ, പുനരാഗമനം അപ്രതീക്ഷിത സമയത്ത് സംഭവിക്കാം. നോഹയുടെ കാലത്തുണ്ടായ ജലപ്രളയംപോലെ, പ്രളയം പെട്ടെന്നുണ്ടായി. അനേകർ അതിൽ നശിച്ചുപോയി. കള്ളൻ കവർച്ചയ്ക്ക് എത്തുന്നതും മുന്നറിയിപ്പില്ലാതെ അപ്രതീക്ഷിത സമയത്താണ്. കരുതലോടും ജാഗ്രതയോടും അലസത വെടിഞ്ഞ് നാം ഉത്സാഹത്തോടെ കാത്തിരിക്കണം. ഒരുക്കത്തോടെയും വിശുദ്ധിയോടെയും ഉള്ള ഒരു കാത്തിപിപ്പാണ് ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (1 പത്രോ. 1:16). നാം വിശുദ്ധിയോടെ അവന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കണം. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുകന്നതേ ഉള്ളു. കർത്താവിന്റെ ദിവസം കള്ളനെപ്പോലെ വരും (2 പത്രോ. 3:9). അതുകൊണ്ട് പ്രിയമുള്ളവരെ, നിങ്ങൾ ഇവയ്ക്കായി കാത്തിരിക്കയാൽ അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ.

ഇവിടെ കരുതലിനും ജാഗ്രതയ്ക്കും വേണ്ടിയുള്ള ആഹ്വാനമാണ് നൽകിയിട്ടുള്ളത്. അന്ന് വേർതിരിക്കപ്പെടുന്ന അനുഭവമുണ്ടാകും. ഒരേ സ്ഥലത്തും ഒരേ ജോലിയിലും ഏർപ്പെടുന്നവരായാലും അവരുടെ ഒരുക്കത്തിന്റെയും ആത്മീയ അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ അവർ വേർതിരിക്കപ്പെടും. ഒരു കൂട്ടർ സ്വീകരിക്കപ്പെടുകയും മറ്റവർ തിരസ്ക്കരിക്കപ്പെടുകയും ചെയ്യും. ജാഗ്രതയും തീക്ഷ്ണതയും ക്രിസ്തീയ ജീവിതത്തിൽ പുലർത്തേണ്ടതിന്റെ ആവശ്യകത ഈ ഭാഗത്തു നമ്മെ ഓർമ്മപ്പെടുത്തുന്നു.

പൗരോഹിത്യഗണം കർത്താവിനാൽ പ്രത്യേക ഉദ്ദേശത്തോടെയും ഉത്തരവാദിത്വത്തോടെയും തിരഞ്ഞെടുക്കപ്പെട്ടവർ ആണല്ലോ. അവർക്ക് ലഭിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിക്കുവാൻ സാധിക്കണം. അത് കൃത്യനിഷ്ഠയോടെയും കർത്തവ്യബോധത്തോടെ നിർവ്വഹിക്കുവാനും തങ്ങളെ ഏല്പിച്ചിരിക്കുന്ന ആടുകൾക്ക് ഉത്തമ മാതൃകയായിത്തീരുവാനും ഇടയാകണം. കടമകൾ നിർവ്വഹിക്കുമ്പോൾ അലസതയോടെ അവ ചെയ്യുവാൻ ഇടയാകാതെ ഉത്സാഹത്തോടെയും പൂർണ്ണവിശ്വസ്തതയോടെയും പ്രവർത്തിക്കുവാൻ ഇടയാകട്ടെ. നമ്മുടെ വ്യക്തിജീവിതവുമായി ബന്ധപ്പെട്ട നമ്മുടെ എല്ലാ വൈദിക ശ്രേഷ്ഠരെയും നമുക്ക് ഓർക്കാം. അവരുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ. ❑



കോപ്റ്റിക് ഓർത്തഡോക്സ് മിസ്സിസ്സാഗ, വൻകോവർ ആൻഡ് വെസ്റ്റേൺ കാനഡ ഭദ്രസന മെത്രാപ്പോലീത്താ മാർ മിന, യു.എ.ഇ. യിലെ റാസ് അൽ ഖൈമ സെന്റ് മേരിസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ എത്തിയപ്പോൾ.



കുണ്ടറ എം.ജി.ഡി. ഗേൾസ് ഹൈസ്കൂളിന്റെ പുതിയ സ്കൂൾ ബസ്സിന്റെ കൂദാശാകർമ്മം, എം.ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് നിർവഹിച്ചു.



ഫാ. അലക്സാണ്ടർ കൂടാരത്തിലിന് Indore Malwanchal University യിൽ നിന്ന് Management Studies ൽ ഡോക്ടറേറ്റ് ലഭിച്ചു. ചെങ്ങന്നൂർ ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മാനേജിംഗ് ഡയറക്ടറാണ്.

'നമ്മുടെ അസ്ഥികൾ നമ്മുടെ പിതാക്കന്മാരുടെ അസ്ഥികളോടുകൂടി ചേർന്നശേഷവും നമ്മുടെ എളിയ സഭയുടെ യോജിപ്പിനായി സകല വാദങ്ങളും വഴക്കുകളും മറന്നു പ്രവർത്തിക്കാനുള്ള സൽബുദ്ധി നിങ്ങളിൽ നിലനിൽക്കണമെന്നുള്ള നമ്മുടെ ബലഹീനമായ പ്രാർത്ഥന എപ്പോഴും ദൈവസന്നിധിയിൽ അർപ്പിക്കപ്പെടുന്നതാണെന്നു നിങ്ങൾ വിശ്വസിച്ചുകൊള്ളണം.'

– പ. വട്ടശ്ശേരിൽ തിരുമേനി

(അന്ത്യസന്ദേശത്തിൽ നിന്നും)



Metropolitan Abraham Mar Stephanos with Eritrean Bishops and Clergy at the Catholic Church–Oriental Orthodox Churches International Joint Commission for Theological Dialogue at Logos Center, Saint Bishoy Monastery, Cairo, Egypt, on 03/02/2023.


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

"Priesthood: The Functionality of God's Creation"

(Sunday Commemorating the Departed Priests)

Matthew 24:42-51



Fr. Geevarghese Thomas

Though the nature of this Gospel portion teaches eschatological significance and the second coming of Christ, it is relatable in twofold ways. One is the priesthood as the office of all Sacramental rites. Secondly, the priesthood of all human creation. Lord Jesus Christ often taught in parables. These parables unfolded the mysteries of the Kingdom of God. Here, the parable of the wise and the faithful slave teaches us a greater lesson in awaiting the second coming of our Lord Jesus Christ.

Reflections

1. "Blessed is that slave whom his master will find at work when he arrives" (verse 46).


The Human creation being breathed with the Holy Spirit is bestowed with the nature and functionality of being productive spiritually. As the Holy Trinity never ceases from Their works, so ought to be the creation inspired and created by the Will of God. This functionality of bearing fruits of the Holy Spirit or bearing witnesses to the Godhead is the intrinsic nature of the entire human creation. In this parable, it is interesting to note that the one being put in charge of the household is called "slave" and the wicked one who ignores the master's coming and starts beating up fellow slaves, is also called "slave". It is a great connotation to understand that all humans are equal in "creation" and are entrusted with just different capacities of functionality.

The kind of work demanded in the parable is not in its secular orient. Rather, being fruitful in all the dimensions of existence. In all our contemplations, in all the words that we speak, in all our actions and most importantly the choice of our freewill, all these must be at work (or to say bearing fruits) continuously. Again, the very essence of the work demanded here is to praise and glorify the Creator. As Jesus says- *"let your light shine before others, that they may see your good deeds and glorify your Father in heaven"* (Matthew 5:16). The true freedom and beauty of the creation is in worshipping God. As in Exodus we read, Moses speaks to Pharoah on God's behalf saying – *"Let my people go, so that they may worship me"* (Exodus 7:16; 8:1; 9:13). Again, a liturgical hymn from the Common Prayers exemplifies the priesthood nature of the human creation and the functionality thus –

"You created me and placed Your hands upon me
In the beginning – on Friday, God created
Adam from – dust and breathed on him
And gave him speech that he might sing prai-ses
Hallelu-iah w'Ha-lleluiah, to his – creator.

(*Kolo*, Friday Vespers, *Sheema Namaskaram*)

The laying up of hands indicate the universal priesthood bestowed on the human creation. The matter (dust) reminds us of equal origin (to be called as slaves equally) and the breath of God reminds us of being spiritually productive (to be working) with distinct capacities. The Scripture especially in Pauline writings highlight Christ as the Chief



Priest. Christ as the Chief Priest, who with every pain and obedient sacrifice, redeemed and reconciled the world unto the Father. The Church which is the Body of Christ ought to resemble the same priestly attributions as like Christ; to bear pains (works of sacrifices through self emptying) and justify the true freedom in their being.

The idea of priesthood as slave must be understood as an experience of denying oneself and taking up the Cross and following Jesus. Today, in pursuing the higher stratas of secular world, the clergies and the entire human race are prone to lose the virtue of being "slave" (becoming like minded in Christ) to "the master" (the Creator). Modern trends and life facilitation when misused, gifts the human race an identity of "slaves to sin". If not rectified, the very pastoral functionality of the "crown of the creations" will cease and the potential freedom of worshipping God would turn into a secular reign of "human gods".

Conclusion

The Sunday of commemorating the departed Priests holds a special significance in the Liturgical Year. Every faithful have been initiated into the Apostolic Faith by the power of the Holy Spirit through the humble hands of the priests of the Church. They are the called ones, the wise and faithful slaves, to spiritually cater the Church with the Holy Mysteries of God. Moreover, the universal priesthood of the entire human creation ought to be continuously watchful for the hour of the Lord and be functional in bearing fruits of the Holy Spirit. May God bless us.

❑

Article

The other sign of Jonah

Rincy

St. Matthew's gospel has the Pharisees and scribes asking for a sign from Jesus. Jesus responds that an evil and adulterous generation seeks a sign and no sign will be given except the sign of prophet Jonah. St. Matthew explicitly states the sign of Jonah to be congruent with the death and Resurrection of our Lord - "For as Jonah was three days and three nights in the belly of the great fish, so will the Son of Man be three days and three nights in the heart of the earth." (Ref: St. Mathew 12:38-42).

But there is another sign hidden in the passage- it is the condemnation accorded to that generation that failed to repent and was unbelieving of Jesus.

Flavius Josephus shares some interesting information about the signs and omens recorded just before the destruction of the Jerusalem Temple/ Jerusalem city (~AD 70). Citing one of them:

"a certain prodigious and incredible phenomenon appeared: I suppose the account of it would seem to be a fable; were it not related by those that saw it; and were not the events that followed it of so considerable a nature as to deserve such signals. For, before sun setting, chariots and troops of soldiers in their armour were seen running about among the clouds, and surrounding of cities. Moreover, at that feast which we call Pentecost; as the priests were going by night into the inner [court of the] temple, as their custom was, to perform their sacred ministrations, they said, that in the first place they felt a quaking, and heard a great noise: and after that they heard a sound, as of a multitude, saying, "Let us remove hence."" (Of the War, Book VI, Chapter 5).

a) Josephus underlines that the phenomenon might seem unbelievable but it is indeed attested by those who witnessed.

b) heavenly hosts were seen in the clouds and surrounding the cities. The Temple priests experienced an earthquake.

c) 'Let us remove hence'- the Lord is departing from the Temple and addresses Himself in plural (just as seen in Genesis 1:26/Genesis 3:22- "Let Us make man in our image.."/ " "Behold, the man has become like one of Us, to know good and evil".

When Jonah proclaimed that in 40 days the city of Nineveh will be overthrown, the people together with their king fasted. Jonah's preaching sufficed for Nineveh to repent and turn to God and the destruction on Nineveh was averted. Now the One greater than Jonah, the Lord Himself was here but people held onto unbelief.

"For as Jonah became a sign to the Ninevites, so also the Son of Man will be to this generation... The men of Nineveh will rise up in the judgment with this generation and condemn it, for they repented at the preaching of Jonah; and indeed a greater than Jonah is here." (St. Luke 11:30-32).

Even the news of Resurrection was downplayed and the disciples were accused of stealing Jesus's body (St. Mathew 28:11-15).

Justin Martyr (AD-100-165) also highlights this propaganda. In Dialogue with Trypho the Jew (ch.108), he says :

"And though all the men of your nation knew the incidents in the life of Jonah, and though Christ said among you that He would give the sign of Jonah, exhorting you to repent of your wicked deeds at least after He rose



again from the dead, and to mourn before God as did the Ninevites, in order that your nation and city might not be taken and destroyed, as they have been destroyed; yet you not only have not repented, after you learned that He rose from the dead, but, as I said before you have sent chosen and ordained men throughout all the world to proclaim that a godless and lawless heresy had sprung from one Jesus, a Galilæan deceiver, whom we crucified, but his disciples stole him by night from the tomb, where he was laid when unfastened from the cross, and now deceive men by asserting that he has risen from the dead and ascended to heaven."

The Holy Scripture puts a lot of emphasis on the number 40 (days/years). Nineveh had a deadline of 40 days; her people repented and were saved. For its faithlessness and unbelief, Jerusalem witnessed the fulfillment of the other sign of Jonah - the Romans ravaged the city and the Temple in AD 70. This is roughly forty years following the public ministry of our Lord.

The extent of destruction is noted by Josephus thus: "...Cæsar gave orders that they should now demolish the entire city, and temple.... This wall(western side) was spared... But for all the rest of the wall, it was so thoroughly laid even with the ground, by those that dug it up to the foundation, that there was left nothing to make those that came thither believe it(Jerusalem) had ever been inhabited." (Of the War, Book VII).

The scribes and Pharisees asked for signs from heaven.The world around- sun, moon, stars, trees etc.are all magnificent signs declaring the glory of God. May we imbibe their silent obedience in this Lenten season.

❑



പരുമല ആശുപത്രിയുടെ ഗൈനക്കോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഗർഭാശയമുഖ ക്യാൻസർ ബോധവൽക്കരണ ക്ലാസും, സൗജന്യ HPV പ്രതിരോധ വാക്സിനേഷനും ജനുവരി 31-ന് പരുമല ആശുപത്രിയിൽ വച്ച് പത്തനംതിട്ട ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ ഉദ്ഘാടനം നിർവഹിച്ചു. ആശുപത്രി സിഇഒ ഫാ. എം സി പൗലോസിന്റെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ ഫിനാൻസ് കോ-ഓർഡിനേറ്റർ ഫാ. തോമസ് ജോൺസൺ കോർ എപ്പിസ്കോപ്പാ അധ്യക്ഷത വഹിച്ചു.



പത്രോസ് മാർ ഒസ്താത്തിയോസിന്റെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ നിന്നും കണ്ടനാട് കർമ്മേൽ ദയറായിലേക്ക് 'സ്മൃതി യാത്ര' നടത്തി. വിവിധ പള്ളികളിൽ നിന്നും ഉള്ള തീർത്ഥാടകർ കാൽനടയായി കർമ്മേൽ ദയറായിലേക്ക് യാത്ര ചെയ്തു.



കാസർഗോഡ് ജില്ലയിലെ മലങ്കരസഭയുടെ പ്രഥമ ദൈവാലയവും തലപള്ളിയുമായ പ. ദൈവമാതാവിന്റെ നാമത്തിൽ പുതുക്കി പണിയുന്ന നർക്കിലകാട് സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെ കുരിശ് സ്ഥാപനകർമ്മം യാക്കൂബ് മാർ ഏലിയാസ് നിർവഹിച്ചു.



ഡോ. തോമസ് മാർ അത്താനാസിയോസിനെ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ ശെമ്മാശന്മാർ ഫാ. കെ. വി ഏലിയാസിനോടൊപ്പം മൂവാറ്റുപുഴ അരമനയിൽ സന്ദർശിച്ചു. മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗ്ഗീസ് മാർ പക്കോമിയോസും സന്നിഹിതനായിരുന്നു.



ചെങ്ങന്നൂർ ഭദ്രാസന പ്രാർത്ഥനാ യോഗത്തിന്റെ നേതൃത്വത്തിൽ തയാറാക്കിയ 2023-ലെ ഞായറാഴ്ചകളിലെ വിശുദ്ധ വേദവായനക്കുറിപ്പ് ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് പ്രകാശനം ചെയ്തു. ഈ വേദവായനക്കുറിപ്പ് ചെങ്ങന്നൂർ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലും വിതരണം ചെയ്തു.



മദ്രാസ് ഭദ്രാസനത്തിലെ ഈറോഡ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലെ മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ മൂന്നുനോമ്പിലെ പേത്തുർത്താ ഞായറാഴ്ച ഈറോഡിലെ തെരുവോരങ്ങളിൽ ഭക്ഷണപ്പൊതികൾ എത്തിച്ചു നൽകി.



കുന്നംകുളം ഭദ്രാസന സൺഡേസ്കൂൾ സംഗമം ബഥനി സെൻ്റ് ജോൺസ് ഹയർ സെക്കൻഡറി സ്കൂളിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വെച്ച് വേദപ്രവീൺ ഡിപ്ലോമ കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ കോൺവൊക്കേഷനും സൺഡേസ്കൂൾ 10, 12 ക്ലാസുകളിൽ ഉന്നത വിജയം നേടിയവർക്കും സോണൽ സഹപാഠ്യമത്സരങ്ങളിൽ വിജയം വരിച്ചവർക്കുമുള്ള പുരസ്കാര വിതരണവും നടന്നു.



"Shaphiro" gathering of differently abled people at Pampady Mar Kuriakose Dayara.



പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ സഹോദരൻ എം. എ. സ്കറിയ അന്തരിച്ചു


കോട്ടയം: പരിശുദ്ധ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ സഹോദരൻ വാഴൂർ മറ്റത്തിൽ എം. എ. സ്കറിയ അന്തരിച്ചു. മാനസിക വൈകല്യമുള്ള കുട്ടികളുടെ കരുതലിനായ് പരിശുദ്ധ കാതോലിക്കാ ബാവാ ആരംഭിച്ച പാമ്പാക്കുട പ്രത്യാശ ഭവന്റെ പ്രധാന ചുമതലക്കാരനായിരുന്നു. സംസ്ക്കാരം വാഴൂർ സെൻ്റ് പീറ്റേഴ്സ് ദൈവാലയത്തിൽ നടന്നു. സഭയിലെ മെത്രാപ്പോലീത്താമാരും വിവിധ സഭാദ്ധ്യക്ഷന്മാരും സാംസ്ക്കാരിക നേതാക്കളും പങ്കെടുത്തു.





മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയുടെ നവീകരിച്ച ജനറൽ വാർഡിന്റെ കൂദാശയും, ഉദ്ഘാടനവും, പതിമൂവായിരം സ്ക്വയർ ഫീറ്റ് വിസ്തീർണവും ഉള്ള പുതിയ ബഹുനില മന്ദിരത്തിന്റെ കല്ലിടൽ ചടങ്ങും (ഡോക്ടർമാരുടെ പുതിയ ഒ.പി റൂമുകൾ, ഇൻ പേഷ്യന്റിനുള്ള ഫാർമസി, ഓഫീസ് റൂമുകൾ, മറ്റ് റൂമുകളും, വാർഡുകളും) ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിൽ നടത്തപ്പെട്ടു.

പുസ്തകം



കോലഞ്ചേരി മെഡിക്കൽ കോളജ്: ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ കൂദാശ നിർവഹിച്ചു

മനോരമ ലേഖകൻ

കോലഞ്ചേരി • മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ആശുപത്രിയുടെ സുവർണ ജൂബിലിയോടനുബന്ധിച്ചു നിർമിച്ച 'ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ' കൂദാശ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ നടന്നു. ആശുപത്രി വൈസ് പ്രസിഡന്റുമാരായ ഡോ. തോമസ് മാർ അത്തനാസിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഡോ. ഗീവർഗീസ് മാർ പക്കോമിയോസ് എന്നിവർ സഹ കാർമികത്വം വഹിച്ചു.

തുടർന്ന് ആശുപത്രി പ്രസിഡന്റ് കൂടിയായ പരിശുദ്ധ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ യോഗം നടന്നു. 50 വർഷം കൊണ്ട് ഈ ആശുപത്രി ഇന്ത്യയിലെ അറിയപ്പെടുന്ന ആതുരാലയമായി മാറിയതു കൂട്ടായ പ്രവർത്തനത്തിലൂടെയാണെന്നു ബാവാ പറഞ്ഞു. ആശുപത്രിയുടെ



മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ആശുപത്രിയുടെ സുവർണ ജൂബിലിയോടനുബന്ധിച്ചു നിർമിച്ച 'ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ' കൂദാശ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ നടന്നപ്പോൾ. ജോയി പി. ജേക്കബ്, ഡോ. കെ.കെ. ദിവാകർ, പി.വി. തോമസ്, ഫാ. ജേക്കബ് കുര്യൻ, അജു ജേക്കബ്, ഫാ. ജോസ് തോമസ്, ഫാ. ജോൺ കുര്യാക്കോസ് തുടങ്ങിയവർ സമീപം.

ആരംഭ കാലത്ത് അധ്വാനിച്ചവരിൽ ഏറ്റവും ശ്രദ്ധേയനായ വ്യക്തി ആദ്യ സെക്രട്ടറിയായിരുന്ന എം. ചാക്കോപ്പിള്ളയാണ്. ഫിലിപ്പോസ് മാർ തെയോഫിലോസും, പൗലോസ് മാർ ഗ്രിഗോറിയോസും അവരുടെ കഴിവും സാധ്യതകളും സ്ഥാപനത്തിനായി പ്രയോജനപ്പെടുത്തി. മെഡിക്കൽ കോളജിന്റെ വളർച്ചയ്ക്ക് സി.വി. ജേക്കബിന്റെ സംഭാവനയും വലുതാണെന്ന് അദ്ദേഹം പറഞ്ഞു.

ആശുപത്രി സെക്രട്ടറി ജോയി പി. ജേക്കബ്, ട്രഷറർ അജു ജേക്കബ്, ഓർഗനൈസിങ് സെക്രട്ടറി സണ്ണി കെ. പീറ്റർ, മെഡിക്കൽ സൂപ്രണ്ട് ഡോ. സോജൻ ഐപ്, മെഡിക്കൽ കോളജ് ഡീൻ ഡോ. കെ.കെ. ദിവാകർ, അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ പ്രഫ. പി.വി. തോമസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. 'ആട്രിയം' എന്ന പേരിൽ 49,000 ചതുരശ്രയടി വിസ്തീർണത്തിലാണു പുതിയ ബ്ലോക്ക് നിർമിച്ചിരിക്കുന്നത്. അത്യാഹിത വിഭാഗം, റജിസ്ട്രേഷൻ വിഭാഗം, ഫാർമസി, റസ്റ്ററന്റ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. സിടി സ്കാൻ, അൾട്രാ സൗണ്ട് സ്കാൻ എന്നിവ അത്യാഹിത വിഭാഗത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. 60 കിടക്കകളോടു കൂടിയതാണ് അത്യാഹിത വിഭാഗം.



എം. ജി. യൂണിവേഴ്സിറ്റി എം.എസ്.സി. പ്ലാന്റ് ബയോടെക്നോളജിയ്ക്ക് ആനി എം. എ. എട്ടാം റാങ്ക് കരസ്ഥമാക്കി. തുമ്പമൺ ഭദ്രാസനത്തിലെ ചെങ്ങര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകാംഗമാണ്.



മാളികപ്പുറം സിനിമയിൽ അഭിനയിച്ചതിലൂടെ പ്രശസ്തരായ ബാലതാരങ്ങൾ ഷാരോൺ എം., സേറാ അന്നാ ബിനു എന്നിവരെ മധ്യ തിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ വേദിയിൽ വച്ച് തുമ്പമൺ ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. എബ്രഹാം മാർ സെറാഫിം ഉപഹാരങ്ങൾ നൽകി ആദരിച്ചു.



പെരിയാമ്പ്ര പള്ളിയുടെ മാളിക മുറിയിൽ ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നീ മെത്രാപ്പോലീത്തമ്മാർക്കൊപ്പം കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വൈദികശ്രേഷ്ഠർ.

മലങ്കര ഓർത്തഡോക്സ് സഭ സ്പോൺസർഷിപ്പ്

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ പി ജി ഡിപ്ലോമ, എം ഡി-എം എസ് കോഴ്സുകളിലേക്ക് മലങ്കര ഓർത്തഡോക്സ് സഭാ അംഗങ്ങളായ അർഹരായ വിദ്യാർത്ഥികൾക്ക് സഭാ സ്പോൺസർഷിപ്പിനുവേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ ഓർത്തഡോക്സ് സഭയുടെ അംഗവും ഓർത്തഡോക്സ് സഭയുടെ ആശുപത്രികളിൽ 2 വർഷം പ്രവർത്തന പരിചയം ഉള്ളവരും ആയിരിക്കണം. പി.ജി. നീറ്റ് പരീക്ഷ പാസാകുന്നവരെയാണ് പ്രവേശനത്തിന് പരിഗണിക്കുക. അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2023 ഉലയ്യൗമ്യ്യ 16

അപേക്ഷ ഫോമും വിശദവിവരങ്ങളും www.mgocsm.in വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ mocsponsorship@gmail.com എന്ന വിലാസത്തിൽ 2023 ഫെബ്രുവരി 16-ന് മുൻപായി അയച്ചുതരണം.

പ്രശസ്തിയും അംഗീകാരങ്ങളും ആഗ്രഹിക്കാതെ ജീവകാരുണ്യപ്രവർത്തനം നടത്തിയ **സി.പി. മാത്യു** നാട്ടിലേക്ക് തിരികെപ്പോകുന്നു

നന്മമരം മടങ്ങുന്നൂ, സ്നേഹത്താഴ്വരയിൽനിന്ന്

ഇ.ടി. പ്രകാശ്

ഷാർജ ▸ ജീവിതം മറ്റുള്ളവർക്ക് കരുണചെയ്യാൻകൂടിയാണെന്ന് തെളിയിച്ച സി.പി. മാത്യു എന്ന മനുഷ്യസ്നേഹി നാട്ടിലേക്ക് മടങ്ങുന്നു. 'നന്മമര'മായി അറിയപ്പെടുന്ന മാത്യു 36 വർഷത്തെ പ്രവാസം അവസാനിപ്പിച്ചാണ് സ്വദേശമായ അടൂരിലേക്ക് മടങ്ങുന്നത്. സ്നേഹത്താഴ്വര എന്ന ജീവകാരുണ്യ സംഘടനയിലൂടെയാണ് അദ്ദേഹം കൂടുതൽ കാരുണ്യപ്രവർത്തനങ്ങളും ചെയ്തത്. യു.എ.ഇ.യിൽനിന്ന് അനാഥമായ മൃതദേഹങ്ങൾ സ്വദേശങ്ങളിലെത്തിക്കാൻ ആദ്യകാലത്ത് സി.പി. മാത്യു ആയിരുന്നു മുന്നിലുണ്ടായത്. ഇന്നത്തെപ്പോലെ സാമൂഹിക മാധ്യമങ്ങളൊന്നുമില്ലാത്ത കാലത്താണ് മാത്യു മറ്റുള്ളവരെ സഹായിക്കാനിറങ്ങിയത്. പേരും പ്രശസ്തിയും അംഗീകാരങ്ങളും സാമൂഹിക പ്രവർത്തകരെ പുതിയകാലത്ത് തേടിയെത്തുമ്പോൾ ആരുമറിയാതെ മുഴുവൻസമയവും ജീവകാരുണ്യംചെയ്ത സംതൃപ്തി മനസ്സിൽ സൂക്ഷിക്കുകയാണെന്ന് സി.പി. മാത്യു പറഞ്ഞു.


സി.പി. മാത്യു തന്റെ കൃഷിയിടത്തിൽ

ജീവിതത്തിൽ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

"ഇത്ര മൃതദേഹങ്ങൾ നാട്ടിലേക്ക് അയച്ചിട്ടുണ്ടെന്നും ഇത്രപേർക്ക് ചികിത്സാ സഹായം നൽകി ജീവിതത്തിലേക്ക് തിരികെക്കൊണ്ടുവന്നെന്നും മറ്റുമുള്ള കണക്കുകൾ സൂക്ഷിക്കുന്ന പതിവില്ല, അതെന്റെ രീതിയുമല്ല"- സി.പി. മാത്യു പറയുന്നു. ഒരാളുടെ ജീവിതംകൊണ്ട് മറ്റൊരാൾക്ക് ഉപകാരപ്പെട്ടുവെങ്കിൽ അതുതന്നെ ഏറ്റവും വലിയ ജീവിതസമ്പാദ്യമെന്ന് വിശ്വസിക്കുകയാണ് ഈ മനുഷ്യസ്നേഹി. ജീവകാരുണ്യത്തിന്റെ എണ്ണവും വണ്ണവും പെരുപ്പിച്ചുകാണിച്ച് പുരസ്കാരസമിതികൾക്ക് മുന്നിലെത്താൻ തിരക്കുകൂട്ടുന്ന കാലത്ത് തീർത്തും വേറിട്ടവഴിയിലൂടെ പ്രവാസം അനുഭവിച്ച് മടങ്ങുകയാണ് ഇദ്ദേഹം.

ജീവകാരുണ്യമേഖലയിൽ ഒട്ടേറെ അനുഭവങ്ങളുണ്ട് മാത്യുവിന് പറയാൻ. യു.എ.ഇ.യിൽ അപകടത്തിൽ മരിച്ചവരുടെ പാവപ്പെട്ട കുടുംബങ്ങൾക്ക് 'ദിയാധനം' (രക്തപ്പണം) വാങ്ങിക്കൊടുത്ത നൂറുകണക്കിന് അനുഭവങ്ങളുണ്ട്. ഏതുരാജ്യക്കാരാണെന്നുപോലും നോക്കിയിട്ടല്ല സഹായമെത്തിക്കുന്നത്. അവരും മനുഷ്യരാണെന്ന ചിന്തമാത്രമാണ് ഇതിനുപിന്നിൽ. കോൺസുലേറ്റിന്റെ കീഴിലുള്ള ഇന്ത്യൻ കമ്യൂണിറ്റി വെൽഫെയർകമ്മിറ്റി അത്തരം കാര്യങ്ങൾ ചെയ്യാൻ മുന്നോട്ടുവരുന്നതിനുമുമ്പ് മാത്യു ആയിരുന്നു ഷാർജയിലും മറ്റും ഇത്തരം കാര്യങ്ങൾ നിർവഹിച്ചിരുന്നത്. പിന്നീട് സ്വദേശികൾതന്നെ പാവപ്പെട്ട പ്രവാസികൾ മരിച്ചാൽ അവരുടെ കുടുംബങ്ങളെ സഹായിക്കാനും മറ്റുമായി മുന്നോട്ടുവന്നിരുന്നു.

ഇന്ത്യൻ എംബസിയുമായും ഡൽഹിയിലെ കേന്ദ്ര നയതന്ത്രവിഭാഗവുമായും ബന്ധപ്പെട്ടുകൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങളും പ്രവാസി ഇന്ത്യക്കാർക്കായി സി.പി. മാത്യുവിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. പ്രവാസികളുടെ കെട്ടിക്കിടന്ന അപേക്ഷകൾ ചുവപ്പുനാടയിൽനിന്ന് പുറത്തെടുത്ത് പ്രശ്നപരിഹാരമുണ്ടാക്കാൻ കാരണക്കാരനായ സംതൃപ്തിയും മാത്യു പങ്കുവെച്ചു.

ഭീഷണികളെ അതിജീവിച്ചു

പ്രവാസി ഇന്ത്യക്കാരുടെ വിവിധങ്ങളായ പ്രശ്നങ്ങളിൽ ഇടപെട്ടപ്പോൾ പലഭാഗത്തുനിന്നും ഭീഷണികൾ സി.പി. മാത്യു നേരിട്ടിട്ടുണ്ട്. പ്രത്യേകിച്ചും ഇന്ത്യയിൽനിന്നും യു.എ.ഇ.യിലേക്കുള്ള മനുഷ്യക്കടത്ത് പുറത്തുകൊണ്ടുവരാനും ഇരകളെ രക്ഷപ്പെടുത്താനും മുന്നിൽനിന്ന് പ്രവർത്തിച്ചതിനാണ് ഭീഷണി നേരിട്ടത്. കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനും കുറേയെറെ പരിശ്രമിച്ചിട്ടുണ്ട്.

സന്ദർശകവിസയിലെത്തി ജോലികിട്ടാതെ ബുദ്ധിമുട്ടിലായ ഒട്ടേറെപേർക്ക് ജോലി സംഘടിപ്പിച്ചുകൊടുത്തു. അനാഥരായ രോഗികളെ യു.എ.ഇ.യിലെ ആശുപത്രികളിൽ ചികിത്സിപ്പിക്കാനും പിന്നീടവരെ തങ്ങളുടെ വീടുകളിലെത്തിക്കാനും കഴിഞ്ഞതെല്ലാം ജീവിതത്തിലെ സന്തോഷമാണെന്ന് മാത്യു പറഞ്ഞു. ഇന്ത്യൻ കമ്യൂണിറ്റി വെൽഫെയർ ഫണ്ടിലുള്ള പണം രോഗാതുരരായ പാവപ്പെട്ട പ്രവാസികൾക്ക് ഉപകരിക്കുംവിധത്തിൽ വിനിയോഗിക്കാൻ അധികൃതർ ശ്രമിക്കുന്നില്ലെന്ന പരാതി മാത്യുവിനുണ്ട്. ഒട്ടേറെ വിമർശനങ്ങളും കേൾക്കേണ്ടിവന്നു, നന്മയുടെ പാതയിലാണ് സഞ്ചരിച്ചതെന്ന സന്തോഷംമാത്രം.

സ്നേഹത്താഴ്വരയുടെ പിറവി

മലയാളിയായ ജോർജ് ജോസഫ് ദുബായ് ഇന്ത്യൻ കോൺസുൽ ജനറൽ ആയകാലത്താണ് ഷാർജ വ്യവസായ മേഖലയിലെ എട്ടുപേർചേർന്ന് മാത്യുവിന്റെ നേതൃത്വത്തിൽ സ്നേഹത്താഴ്വരയെന്ന ജീവകാരുണ്യ കൂട്ടായ്മ രൂപവത്കരിച്ചത്. പിന്നീട് പൊതുമാപ്പ് അടക്കമുള്ള സാഹചര്യങ്ങളിൽ ഇന്ത്യക്കാരെ നാട്ടിലെത്തിക്കാനും പാവങ്ങൾക്കായി കേന്ദ്രത്തിന്റെ അദാലത്ത് സംഘടിപ്പിക്കാനും കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. നിർധനർക്ക് വിമാനടിക്കറ്റ് എടുത്തുകൊടുക്കാനും തയ്യാറായിരുന്നു. പിന്നീട് ഒട്ടേറെപേരുടെ സഹായങ്ങളും കൂട്ടായ്മയ്ക്ക് ലഭിച്ചു. ജയിൽ, ആശുപത്രി, ലേബർക്യാമ്പ് എന്നിവിടങ്ങൾ സന്ദർശിച്ച് പാവപ്പെട്ട പ്രവാസികൾക്ക് ഒരുകൈ സഹായമാകാനും സ്നേഹത്താഴ്വരയ്ക്ക് സാധിച്ചു.

ഷാർജയിലും മറ്റും ആദ്യകാലത്ത് രക്തദാന ക്യാമ്പടക്കം സംഘടിപ്പിച്ചതും നിശ്ചയദാർഢ്യമുള്ള കുട്ടികൾക്ക് സഹായമെത്തിച്ചതും ഈ മനുഷ്യസ്നേഹിയുടെ ശ്രമഫലമായാണ്. സ്നേഹത്താഴ്വര ഇന്ന് നിലവിലില്ല. ഭാര്യ ജിജി മാത്യുവിന്റെ ജോലി ആയിരുന്നു കുടുംബത്തിന്റെ പ്രധാന വരുമാനം. അതിനാലാണ് കൂടുതൽ സമയവും മറ്റുള്ളവർക്കായി പ്രവർത്തിക്കാൻ സാധിച്ചതെന്ന് സി.പി. മാത്യു പറഞ്ഞു. മകൻ അമൽ ബെംഗളൂരുവിൽ വിദ്യാർഥിയാണ്.

എത്യോപ്യൻ ഓർത്തഡോക്സ് സഭയ്ക്ക് ഐക്യദാർഢ്യം അറിയിച്ചു

ദേവലോകം: ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിൽ മലങ്കര സഭയുടെ സഹോദരീ സഭയായ എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ ഉണ്ടായ ഭിന്നിപ്പിൽ സഭയുടെ അധ്യക്ഷൻ പരിശുദ്ധ ആബൂന മത്യാസ് പാത്രിയർക്കീസ് ബാവായ്ക്ക് പൂർണ പിന്തുണയും, ഭിന്നിപ്പിന്റെ അവസ്ഥയിൽ നിന്ന് ഒരുമിപ്പിന്റെ സ്വർഗീയ അനുഭവത്തിലേക്ക് സഭ കടന്നുവരേണ്ടതിന് പ്രാർത്ഥനകളും അർപ്പിച്ച് പരിശുദ്ധ ബസേലിയോസ് മാർ ത്തോമാ മാത്യൂസ് തൃതീയൻ ബാവ കത്ത് അയച്ചു.



മാർ തേവോദോസ്യോസ് 'തണൽ' പുരസ്കാരം ദയാ ബായിക്ക്

മസ്കറ്റ്: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക ഏർപ്പെടുത്തി വരുന്ന മാർ തേവോദോസ്യോസ് തണൽ പുരസ്കാരം പ്രമുഖ സാമൂഹിക പ്രവർത്തക ദയാ ബായിക്ക്. ഇടവക നടപ്പിലാക്കി വരുന്ന തണൽ ജീവകാരുണ്യ പദ്ധതിയുടെ ഭാഗമായാണ് പുരസ്കാരം. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഉത്തര ഭാരത മിഷൻ പ്രവർത്തനങ്ങൾക്ക് പുതിയ ദർശനവും മാനവും നൽകിയ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ സ്മരണാർത്ഥമാണ് പുരസ്കാരം. ഫെബ്രുവരി പത്തിന് ഇടവക സംഘടിപ്പിക്കുന്ന സമർപ്പണം-23 പരിപാടിയിൽ പുരസ്കാരം നൽകുമെന്ന് ഇടവക ഭാരവാഹികൾ അറിയിച്ചു.